# ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ



## മുല്ലശ്ശേരി

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 26

**ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി**

**അക്കാദമിക മാസ്റ്റർപ്ലാൻ**

## ആമുഖം

തൃശ്ശൂർ ജില്ലയിൽ മുല്ലശ്ശേരി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന തികച്ചും ഗ്രാമീണമേഖലയിലുള്ള ഒരു സർക്കാർ വിദ്യാലയമാണ് മുല്ലശ്ശേരി ഗവ. ഹയർസെക്കന്ററി സ്കൂൾ. ഹൈസ്കൂൾ വിഭാഗത്തിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിലായി 150 ലധികം കുട്ടികളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ സയൻസ്, കൊമേഴ്സ്, വിഭാഗങ്ങളിലായി 500 ഓളം കുട്ടികളും പഠിക്കുന്നു. അക്കാദമിക രംഗത്ത് ജില്ലയിൽ ഏറ്റവും മികവു പുലർത്തുന്ന വിദ്യാലയങ്ങളിലൊന്നാണ് മുല്ലശ്ശേരി ഗവണ്മെന്റ് ഹയർസെക്കന്ററി സ്കൂൾ.

2025 മാർച്ചിൽ നടന്ന SSLC, +2 പരീക്ഷകളിൽ ഉന്നത വിജയം നേടാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞു. SSLC പരീക്ഷയിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളും തുടർപഠനത്തിന് യോഗ്യത നേടി. അഞ്ചു കുട്ടികൾക്ക് മുഴുവൻ വിഷയങ്ങളിലും A+ നേടുവാനും കഴിഞ്ഞു. ഡിസംബറോടെ പാഠഭാഗങ്ങൾ അവസാനിപ്പിച്ച് ജനുവരി മുതൽ തന്നെ റിവിഷൻ ക്ലാസ്സുകൾ ക്രമീകരിച്ചാണ് ഈ വിജയം കൈവരിക്കാൻ കഴിഞ്ഞത്. 2026 മാർച്ചിലെ SSLC പരീക്ഷയിലും ഈ വിജയം കൂടുതൽ മികവുറ്റതാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പൊതുവായ പ്രവർത്തനങ്ങൾ

ജൂൺ ആദ്യവാരം തന്നെ സ്കൂൾതലത്തിലുള്ള എല്ലാ ക്ലബ്ബുകളുടേയും ഔദ്യോഗിക പ്രവർത്തനോദ്ഘാടനം നടത്താറുണ്ട്. വിവിധ ദിനാചരണങ്ങൾ അതിന്റെ പ്രൗഢിയിൽ തന്നെ ബന്ധപ്പെട്ട ക്ലബ്ബുകൾ ഏറ്റെടുത്ത് നടത്തുന്ന രീതിയാണ് തുടർന്നു വരുന്നത്.

GHSS MULLASERY

**ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി**

**അക്കാദമിക മാസ്റ്റർപ്ലാൻ**

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തി. പരിസ്ഥിതി ദിനം, വായനാദിനം, ഹിരോഷിമ-നാഗസാക്കി ദിനം, സ്വാതന്ത്ര്യദിനം, ശിശുദിനം, റിപ്പബ്ലിക്ദിനം എന്നിവയെല്ലാം പ്രത്യേകം പരിപാടികളോടെ, കുട്ടികളുടെ പങ്കാളിത്തത്തോടെ ആഘോഷിക്കുന്ന രീതിയാണ് തുടരുന്നത്. കൂടാതെ കലാ-കായിക-ശാസ്ത്ര മേളകളും സ്കൂളിൽ വലിയ വിദ്യാർത്ഥി പങ്കാളിത്തത്തോടെ നടത്തി വരുന്നു.

**അക്കാദമികപ്രവർത്തനങ്ങൾ**

കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും പൊതു പരീക്ഷകൾക്ക് കുട്ടികളെ തയാറാക്കാനും സ്കൂളിന്റെ വിജയശതമാനം ഉയർത്തുന്നതിനും പ്രത്യേകം ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ ഈ അക്കാദമിക വർഷത്തിലേക്ക് പ്രത്യേകമായി തയാറാക്കിയിട്ടുണ്ട്.

എസ്.ആർ.ജി. യോഗം ചേർന്ന് മുൻ വർഷങ്ങളിൽ നടത്തി വിജയപ്രദമായ പ്രവർത്തനങ്ങൾ തുടർന്നും നടപ്പാക്കുന്നതിനും പുതിയ സാഹചര്യത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും തീരുമാനിച്ചു. അവയിൽ ചിലത്,

- എല്ലാ മാസവും എല്ലാ വിഷയങ്ങളിലും കുട്ടികൾക്ക് യൂണിറ്റ് ടെസ്റ്റുകൾ നടത്തുക.
- സ്കോറുകൾ വിലയിരുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക ശ്രദ്ധയും ആവശ്യമായ അധിക പിന്തുണയും നൽകുക.
- ഗൃഹസന്ദർശനം നടത്തി കുട്ടികളുടെ അവസ്ഥ നേരിട്ടറിഞ്ഞ് ആവശ്യമായ പിന്തുണകൾ നൽകുക.

GHS MULLASSERY

- ഓരോ ടേം പരീക്ഷകൾക്കു ശേഷവും രക്ഷിതാക്കളുടെ യോഗങ്ങൾ ക്ലാസ്സ് തലത്തിൽ വിളിച്ച് (CPTA) പഠനപുരോഗതി ചർച്ച ചെയ്ത് പഠന നിലവാരം വർദ്ധിപ്പിക്കുക.
- കുട്ടികൾക്ക് വേഗത്തിൽ കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയും വിധം ലളിതമായ പഠനക്കുറിപ്പുകൾ നൽകുക.
- കുട്ടികൾക്കും, രക്ഷിതാക്കൾക്കും ആവശ്യമായ ബോധവത്കരണ ക്ലാസ്സുകൾ നൽകുക.
- യു. പി. തലത്തിൽ തന്നെ അക്ഷരമറിയാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് അവശ്യമായ പിന്തുണ നഷകുക.
- 5, 8, 9 ക്ലാസ്സുകളിലും പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടത്തി "ശ്രദ്ധ" യിൽ ഉൾപ്പെടുത്തി പ്രത്യേകം പരിശീലന ക്ലാസ്സുകളും മോട്ടിവേഷൻ ക്ലാസ്സുകളും നൽകുക.
- ഓരോ വിഷയത്തിലും കുട്ടികളുടെ നിലവാരം പ്രത്യേകം പരിശോധിച്ച് ആ വിഷയത്തിന്റെ സബ്ജക്ട് കൗൺസിൽ ചേർന്ന് ആവശ്യമായ മൊഡ്യൂൾ തയാറാക്കി പഠനപുരോഗതി കൈവരിക്കുക.
- മത്സരപ്പരീക്ഷകൾക്ക് (NMMS, USS, NUMTS ... തുടങ്ങിയവ) കുട്ടികളെ തയാറാക്കുന്നതിന് പ്രത്യേകം ക്ലാസ്സുകൾ നൽകുക
- ഐടി യിൽ തത്പരരായ കുട്ടികളെ കണ്ടെത്തി അവരെ ഉൾപ്പെടുത്തി "ലിറ്റിൽ കൈറ്റ്" ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കൂടി സൗഹൃദമാകുന്ന തരത്തിൽ പാഠാസൂത്രണങ്ങൾ തയാറാക്കുക.

GHSS MULLASSERY

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിവിധ വിഷയങ്ങളുടെ അധ്യാപകർ കൂട്ടായി ചർച്ച ചെയ്ത് ഓരോ വിഷയത്തിലും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ പ്രത്യേകം തയാറാക്കുന്നതിന് എസ്.ആർ.ജി. യോഗത്തിൽ തീരുമാനിച്ചു.

□ □ □ □ □

## അപ്പർപ്രൈമറി തലം

### ആമുഖം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റെ ഭാഗമായി കുട്ടികളുടെ ഭാഷാ, വിജ്ഞാനം, സർഗ്ഗാത്മകത, വൈകാരികത തുടങ്ങി ഓരോ മേഖലയിലും ഓരോ കുട്ടിയുടേയും ശേഷി പരിഗണിച്ചാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കിയിരിക്കുന്നത്. ഭാഷാ വിഷയങ്ങളിൽ മാത്രമല്ല എല്ലാ വിഷയങ്ങളിലും നൈപുണ്യം നേടി ഓരോ കുട്ടിയും എല്ലാ തലത്തിലും മികവുറ്റവരായിത്തീരണം എന്നതാണ് ഈ വർഷത്തെ പ്രധാന ലക്ഷ്യം.

### ലക്ഷ്യങ്ങൾ

- ഭാഷയുടെ അടിസ്ഥാന ശേഷി വികസനം.
- ആശയ വിനിമയം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാവിനെ പ്രാപ്തനാക്കുക.
- പഠിതാവിൽ അർത്ഥപൂർണ്ണ വായന ഉറപ്പുവരുത്തുക.
- സാഹിത്യകൃതികളെയും സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തി പഠിതാവിൽ സർഗ്ഗശേഷി വളർത്തുക.

GHSS MULLASSERY

- മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കുകയും ഇ-വായന, ഡിജിറ്റൽ മാഗസിൻ എന്നിവ തയ്യാറാക്കുന്നതിന് താൽപര്യം വളർത്തുകയും ചെയ്യുക.
- പഠിതാക്കളുടെ കലാവാസനയെ പരിപോഷിപ്പിക്കുക.
- ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കാനുള്ള ശേഷി നേടുക.

**പ്രവർത്തനങ്ങൾ**

**1. പഠനപിന്നോക്കാവസ്ഥ പരിഹരിക്കൽ**

- പഠന പിന്നോക്ക അവസ്ഥ നിൽക്കുന്ന കുട്ടികളെ പ്രീ ടെസ്റ്റ് നടത്തി കണ്ടെത്തുന്നു.
- വായിക്കാൻ അറിയാത്തവരും എഴുതാൻ അറിയാത്തവരും ചിഹ്നങ്ങൾ, അക്ഷരങ്ങൾ എന്നിവ തെറ്റിച്ചെഴുതുകയും ചെയ്യുന്നവർക്ക് രാവിലെ ക്ലാസിനു മുൻപോ വൈകീട്ട് ക്ലാസ്സ് കഴിഞ്ഞതിനുശേഷമോ പ്രത്യേക പരിശീലനം നൽകുന്നു.
- വിവിധ വായന കാർഡുകൾ കുട്ടികൾക്ക് നൽകി വായിക്കാൻ അവസരം നൽകുന്നു.
- മലയാളത്തിലെ ചിഹ്നങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുകയും, ആ ചിഹ്നങ്ങൾ ഉപയോഗിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിൽ പല വാക്കുകളും ഉണ്ടാക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. പ്രൊജക്ടറിന്റെ സഹായത്തോടെ വാക്കുകളും ചിഹ്നങ്ങളും ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

GHSS MULLASSERY

- കുട്ടിക്കവിതകളുടെ ആലാപനം, ചെറിയ പാട്ടുകൾ സ്വയം നിർമ്മിക്കൽ എന്നിവയിലൂടെ അക്ഷരം മനസ്സിൽ ഉറപ്പിക്കുന്നു.
- കുട്ടികൾ അക്ഷര കാർഡുകളും വായന കാർഡുകളും സ്വയം നിർമ്മിക്കുന്നു.
- പാഠാവതരണവേളയിലും കുട്ടികളിൽ അക്ഷരവും ചിഹ്നവും ഉറപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നൽകുന്നു അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു.
- അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികളിലൂടെ അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.
- അക്ഷരക്കാർഡുകൾ ഉപയോഗിച്ച് വാക്കുകളിൽ നിന്ന് പിന്നീട് വാക്യം നിർമ്മിക്കാൻ പ്രാപ്തരാക്കുന്നു.

**2. കുട്ടികളുടെ സർഗ്ഗശേഷി വികസനം**

- അക്കാദമിക വർഷാരംഭത്തിൽ തന്നെ വിവിധ സർഗാത്മക പ്രവർത്തനങ്ങൾ നൽകി സർഗ്ഗശേഷിയുള്ള കുട്ടികളെ കണ്ടെത്തുന്നു.
- അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. വിവിധ വ്യവഹാര രൂപങ്ങളും അവയുടെ പ്രത്യേകതകളും പ്രൊജക്ടറിന്റെ സഹായത്തോടെ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു.

GHSS MULLASERY

- ചിത്ര കാർഡുകൾ നൽകി അതിനെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.
- വ്യവഹാര രൂപങ്ങളിൽ മികച്ചു നിൽക്കുന്നവ ക്ലാസ്സ് തലത്തിലും, സ്കൂൾ അസംബ്ലിയിലും CPTA കളിലും അവതരിപ്പിക്കാൻ അവസരം നൽകുന്നു.
- വിവിധ സാഹിത്യകാരന്മാരുടെ കവിതകളുടെ ആലാപനം, മറ്റു രചനകൾ എന്നിവ ICT സാധ്യതകൾ ഉപയോഗിച്ച് കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.
- ലൈബ്രറിയിൽ നിന്ന് കുട്ടികളുടെ അഭിരുചിക്കനുസരിച്ച് പുസ്തകങ്ങൾ തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു.
- കുട്ടികൾ എഴുതിയ കഥ, കവിത എന്നിവ ഉൾപ്പെടുത്തി കഥയരങ്ങ്, പാട്ടരങ്ങ് എന്നിവ സംഘടിപ്പിക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ രചനാ മത്സരങ്ങ്ഹൾ സംഘടിപ്പിക്കുന്നു.
- കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ചേർത്ത് ക്ലാസ്സ് മാഗസിൻ, സ്കൂൾ മാഗസിൻ, ഡിജിറ്റൽ മാഗസിൻ എന്നിവ നിർമിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

**3. വായനയെ പ്രോത്സാഹിപ്പിക്കൽ**

- കുട്ടികളുടെ സർഗ്ഗാത്മകവാസനകൾ വളർത്താനുള്ള മാർഗ്ഗമാണ് വായന. വായനയിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും മനസ്സിലുറക്കുകയും തെറ്റില്ലാത്ത സർഗ്ഗരചനകളിൽ ഏർപ്പെടാനും കുട്ടിക്ക് എളുപ്പം സാധിക്കുന്നു.
- ഭാഷാവിഷയങ്ങളിൽ പുരോഗതി ഉണ്ടാവണമെങ്കിൽ ആഴമേറിയ വായന കൂടിയേ തീരൂ.

GHSS MULLASERY

- കുട്ടികൾക്ക് വായന കാർഡുകൾ നൽകി അതു വായിച്ച് സ്വയം അഭിപ്രായങ്ങൾ പറയാൻ ക്ലാസിൽ അവസരം നൽകുന്നു.
- ദിവസവും ഉള്ള പത്രവായനയെ പ്രോത്സാഹിപ്പിക്കുകയും അതാതു ദിവസത്തെ പ്രധാന വാർത്തകൾ ക്ലാസിൽ ചർച്ച ചെയ്യുകയും ചെയ്യുന്നു.
- നവമാധ്യമങ്ങളുടെ സഹായത്താൽ ഐസിടി ഉപയോഗിച്ച് സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു.
- അതതതു മാസത്തിലെ പത്രങ്ങളിലെ സംഭവങ്ങളെ അടിസ്ഥാനമാക്കി ക്ലാസിൽ ക്വിസ് മത്സരം നടത്തി കുട്ടികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു.
- പഴയ മാഗസിനുകൾ ബാലകഥകൾ നർമ്മകഥകൾ ചെറിയ കവിത സമാഹാരങ്ങൾ കഥാപുസ്തകങ്ങൾ എന്നിവ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു ഒഴിവുസമയങ്ങളിൽ വായിക്കാനുള്ള അവസരം നൽകുന്നു.

### 4. ലൈബ്രറി ശാക്തീകരണം

- യു.പി. വിഭാഗത്തിൽ ചിത്രകഥകൾ, ഇംഗ്ലീഷ് മലയാളം കഥാപുസ്തകങ്ങൾ, ചെറിയ നോവലുകൾ, ആഴ്ചപ്പതിപ്പുകൾ, ബാലകഥകൾ, എന്നിങ്ങനെ വായനയെ പോഷിപ്പിക്കുന്നതിന് വിവിധതരത്തിലുള്ള പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.
- കുട്ടികളുടെ അവരുടെ വീടുകളിൽ നിന്നും അയൽപക്കങ്ങളിൽ നിന്നും വായിച്ചു കഴിഞ്ഞ്, ഉപയോഗിക്കാതെ ഇരിക്കുന്ന പുസ്തകങ്ങൾ,

GHSS MULLASSERY

മാസികകൾ, ബാല ചിത്രകഥകൾ എന്നിവ ശേഖരിക്കുന്നു.

- ശേഖരിച്ച പുസ്തകങ്ങൾ കഥകൾ, കവിതകൾ, നിരൂപണങ്ങൾ എന്നിങ്ങനെ തരംതിരിച്ച് വയ്ക്കുന്നു.
- ക്ലാസ്സ്തല ലൈബ്രറിയുടെ ചുമതല തിരഞ്ഞെടുക്കപ്പെട്ട കുട്ടിക്ക് നൽകുന്നു.
- ഒഴിവു സമയങ്ങളിലും ലൈബ്രറി പിരീഡുകളിലും കുട്ടികൾ ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിക്കുകയും വായനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.
- ഈ വായനക്കുറിപ്പുകൾ ക്ലാസിലും, മികച്ചവ സ്കൂൾ അസംബ്ലിയിലും വായിക്കാൻ അവസരം നൽകുന്നു.
- സ്കൂൾ ലൈബ്രറിയിൽ നിന്ന് അഭിരുചി അനുസരിച്ചുള്ള പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കാൻ അവസരം നൽകുന്നു.
- കഥാരചന, കവിതാരചന, ആസ്വാദനക്കുറിപ്പ്, നിരൂപണം, വായനാക്കുറിപ്പ്, പ്രശ്നോത്തരി, പ്രബന്ധരചന എന്നിങ്ങനെ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ കുട്ടികളുടെ സർഗ്ഗശേഷി വളർത്തുന്നു.
- കുട്ടികളുടെ സ്വന്തം സൃഷ്ടികൾ, പാഠഭാഗവുമായി ബന്ധപ്പെട്ട് നടത്തിയ രചനകൾ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ രചനകൾ, തുടങ്ങിയവയിൽ മികച്ചവ കണ്ടെത്തി പതിപ്പും ഡിജിറ്റൽ മാഗസിനും തയ്യാറാക്കുന്നു.
- വർഷാവസാനം മാഗസിൻ സി. പി. ടി. എ. യിൽ പ്രകാശനം ചെയ്യുന്നു.

GHSS MULLASSERY

ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി

അക്കാദമിക മാസ്റ്റർപ്ലാൻ

## യു. പി. ഗണിതം

**ലക്ഷ്യങ്ങൾ**

- ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുള്ള ഗണിത വിജയം, ഉല്ലാസ ഗണിതം എന്നീ പദ്ധതികൾ നടപ്പാക്കുക.
- ഗണിത പഠനം ലളിതവും, ആസ്വാദ്യകരവും, രസകരവും ആക്കുക. വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.
- ഐസിടി സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്നും മനോഹരമാണെന്നും കുട്ടിയെ ബോധ്യപ്പെടുത്തുക.
- രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പുവരുത്തുക.
- ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക.
- പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക.
- ഗുണന പട്ടികയുടെ ഉപയോഗം തിരിച്ചറിയുക.
- ചതുഷ്ക്രിയകൾ ഉറപ്പിക്കുക.
- പ്രായോഗിക പ്രശ്നപരിഹാരത്തിന് മുൻഗണന നൽകുക.
- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം ഗുണനം, ഹരണം, എന്നിവ സഹായകമാകുന്നുവെന്ന് കുട്ടികൾ തിരിച്ചറിയുക.

GHSS MULLASERY

- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുക.
- ഗണിത പഠനം ലളിതമാണെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടികളെ എത്തിക്കുക.
- കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനുള്ള പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാക്കുക.
- ജാമിതിയിൽ നിന്നും, സംഖ്യകളിൽ നിന്നും പാറ്റേണുകൾ നിർമ്മിക്കുവാൻ പ്രേരിപ്പിക്കുക.
- സ്വന്തമായി വർക്ക് ഷീറ്റുകൾ നിർമ്മിക്കുകയും അവ ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- രക്ഷിതാക്കൾ കുട്ടികൾ, ബി.ആർ.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഗണിതലാബ് ഒരുക്കി ഗണിത പഠനം എളുപ്പമാക്കുക.
- സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, ചതുഷ്ക്രിയകൾ, പ്രായോഗിക പ്രശ്നപരിഹാരം എന്നിങ്ങനെയുള്ള പഠനനേട്ടങ്ങൾ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.

**പ്രവർത്തനങ്ങൾ**

- കുട്ടികൾക്ക് ഇഷ്ടപ്പെടുന്നതും അവർക്ക് സ്വയം ചെയ്യാവുന്നതുമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പഠനരീതി സ്വീകരിക്കുന്നു.



GHSS MULLASERY

- വളരെ രസകരമായി മുത്തുകൾ, കളർബട്ടനുകൾ, ചിത്ര കാർഡുകൾ, ഗെയിം ബോർഡുകൾ, ചിത്രക്കാർഡുകൾ, തുടങ്ങി ലഭ്യമായതും ആകർഷകമായതുമായ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
- കേക്ക്, പപ്പടം, ലഡു, തുടങ്ങിയആഹാരസാധനങ്ങൾ തുല്യമായി വീതിച്ച് നൽകുന്ന പ്രവർത്തനത്തിലൂടെ ഹരണത്തിന്റെ ആശയത്തിന് അടിസ്ഥാനമിടുന്നു.
- സ്ഥാനവില പോക്കറ്റ്, സങ്കലന വ്യവകലന കാർഡുകൾ, വർക്ക് ഷീറ്റുകൾ എന്നിവയിലൂടെ അവർത്തന പ്രവർത്തനങ്ങൾ നൽകുന്നു.
- ആവകർഷകമായ ജ്യാമിതീയ രൂപങ്ങൾ പ്രദർശിപ്പിക്കുന്നു.ഇവ വരക്കാനും ഉണ്ടാക്കാനും പരിശീലനം നൽകുന്നു.
- നിത്യോപയോഗ സാധനങ്ങളിലെ ജ്യാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തുന്നു.
- സങ്കലന ഗുണന പട്ടികകൾ പ്രദർശിപ്പിക്കുന്നു. ആവർത്തിച്ച് എഴുതിയും വായിച്ചും അവ ഉറപ്പിക്കുന്നു.
- ICT സാധ്യതകൾ പ്രയോജനപ്പെടുത്തി (ജിയോജിബ്ര, ജെഫ്രാക്ഷൻ ലാബ് തുടങ്ങിയ സോഫ്റ്റ് വെയറുകൾഉൾപ്പെടെ) ഗണിതപഠനം ആകർഷകമാക്കുന്നു.
- പസിൽസ്, ഗണിതകേളികൾ എന്നിവ നടത്തുന്നു.
- ക്ലാസ് തലത്തിൽ ശില്പശാലകൾ, ഗണിതകഥകൾ, കവിതകൾ, കണക്കിലെ കളികൾ എന്നിവയുടെ അവതരണം, ജാമിതീയ രൂപങ്ങളുടെ നിർമ്മാണം (ചതുരം, സമചതുരം, വൃത്തം, ത്രികോണം) എന്നീ



GHSS MULLASERY

പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഗണിത മേളകൾ സംഘടിപ്പിക്കുന്നു.

- ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്നു.
- ഗണിതവുമായി ബന്ധപ്പെട്ട് കുട്ടികളുടെ രചനകൾ ശേഖരണങ്ങൾ എന്നിവ ഉൾപ്പെടുത്തി ഗണിത മാഗസിൻ തയാറാക്കുന്നു.

## യുപി സയൻസ്

**ലക്ഷ്യങ്ങൾ**

- ജൈവവൈവിധ്യ ഉദ്യാനത്തിലൂടെ അറിഞ്ഞു അനുഭവിച്ചും പഠിക്കാൻ അവസരം ഒരുക്കുക.
- നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ ചിലതെങ്കിലും സ്വന്തമായി ഉത്പാദിപ്പിക്കേണ്ടയാണെന്ന് തിരിച്ചറിയുക.
- കൃഷിയും പച്ചക്കറിത്തോട്ടവും നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുക.
- ശുദ്ധജല സ്രോതസ്സുകൾ മലിനമാക്കുന്ന സാഹചര്യങ്ങൾ കണ്ടെത്തുക. ജലസംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും പ്രാവർത്തികമാക്കാനും കഴിയുക.
- മഴക്കാല ദുരന്തങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ നിർദ്ദേശിക്കുക.
- വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ പ്രേരണ നൽകുക.
- സസ്യങ്ങൾ ജന്തുക്കൾ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

GHS MULLASSERY

- ശുചിത്വം പാലിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുക.
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.
- വിവിധ രോഗങ്ങളുടെ പേരുകൾ, രോഗകാരണങ്ങൾ, രോഗലക്ഷണം എന്നിവയെ കുറിച്ചുള്ള ധാരണ നേടുക.
- ശരീര അവയവങ്ങളെ കുറിച്ച് മനസ്സിലാക്കുക.
- കൃഷിയുടെ പ്രാധാന്യം തിരിച്ചറിയുക.
- മൈക്രോസ്കോപ്പിന്റെ ധർമ്മങ്ങൾ പഠിക്കുക.
- സസ്യവൈവിധ്യത്തിന് പ്രാധാന്യം തിരിച്ചറിഞ്ഞ് സംരക്ഷണം മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

**പ്രവർത്തനങ്ങൾ**

- സസ്യ ആൽബം - ഇല, വേര്, തടി, പൂവ്, വിത്ത് എന്നിവ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുന്നു.
- ശാസ്ത്രപതിപ്പുകൾ തയാറാക്കുന്നു.
- പൂന്തോട്ട നിർമ്മാണം, ലഘുപരീക്ഷണങ്ങൾ എന്നിവക്ക് പ്രാധാന്യം നൽകുന്നു.
- വിവിധതരം വിത്തു മുളപ്പിക്കൽ രീതികൾ മനസ്സിലാക്കുന്ന നിരീക്ഷണ പഠനത്തിന് അവസരം നൽകുന്നു.
- പഠനയാത്രകൾ നടത്തി പ്രകൃതിയെയും ജീവജാലങ്ങളെയും നിരീക്ഷിക്കാനും പഠിക്കാനുമുള്ള അവസരം ഉണ്ടാക്കുന്നു.
- മഴവെള്ള സംഭരണം, ഊർജ്ജ സംരക്ഷണം, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ ഉദ്യാനം തുടങ്ങിയവരുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് ബോധവത്കരണ ക്ലാസുകൾ നൽകുന്നു.



GHSS MULLASSERY

**ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി**

**അക്കാദമിക മാസ്റ്റർപ്ലാൻ**

- ജൈവവൈവിധ്യ ഉദ്യാനം, ജൈവ പച്ചക്കറിത്തോട്ടം എന്നിവ സ്കൂളിൽ ഉണ്ടാക്കുകയും സ്വന്തമായി കൃഷിചെയ്യാനുള്ള താത്പര്യവും കഴിവും കുട്ടികളുലുണ്ടാക്കുകയും ചെയ്യുന്നു.
- വിവിധ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുകയും കർഷകരുമായി അഭിമുഖം നടത്താനുള്ള അവസരം നൽകുകയും ചെയ്യുന്നു.
- സസ്യകോശം, ജന്തുകോശം എന്നിവ മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കാനുള്ള അവസരം നൽകുന്നു.
- വിദ്യാലയത്തിലും വീട്ടിലുമുള്ള സസ്യങ്ങളെ തിരിച്ചറിയുകയും അവയുടെ പേരുകളും പ്രത്യേകതകളും പട്ടികപ്പെടുത്തുകയും ചെയ്യുന്നു.
- പ്രദേശത്തുള്ള സാംക്രമിക രോഗങ്ങൾ ജീവിതശൈലി രോഗങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി സർവ്വെകൾ നടത്തുന്നു.
- രോഗങ്ങളെ തരം തിരിച്ച് പട്ടകപ്പെടുത്തി, രോഗകാരണങ്ങൾ കണ്ടെത്തുന്നു. രോഗം വരാതിരിക്കാനുള്ള മുൻകരുതലുകളും, പ്രതിരോധ പ്രവർത്തനങ്ങളും സ്വീകരിക്കാനും, രോഗം ഉള്ളവരെ പരിചരിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്നു.

* * * *

GHSS MULLASSERY

# ഹൈസ്കൂൾ വിഭാഗം

## മലയാളം

**മാതൃഭാഷ നൈപുണ്യം**

**ലക്ഷ്യം**

- ഓരോ കുട്ടിക്കും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ച് ഭാഷാശേഷികൾ സ്വായത്തമാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

**പ്രവർത്തനങ്ങൾ**

- വിവിധ നിലവാരത്തിലുള്ള കുട്ടികളെ മുന്നിൽക്കണ്ട് സമഗ്രാസൂത്രണം സൂക്ഷ്മതലാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നു.
- വായന, എഴുത്ത്, മറ്റു ഭാഷാശേഷികൾ എന്നിവ പരിപോഷിപ്പിക്കുന്നതിന് ക്ലാസ് തലത്തിൽ ഊന്നൽ നൽകുന്നു.
- പാഠഭാഗത്തോടനുബന്ധിച്ചുള്ള പഠന പ്രവർത്തനങ്ങൾ എല്ലാവരും പൂർത്തിയാക്കി എന്ന് ഉറപ്പുവരുത്തുന്നു.
- ഐസിടി സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നു.
- വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരം ഒരുക്കുന്നു. (ക്ലാസ് ലൈബ്രറി, വായനാനുഭവം പങ്കുവെക്കൽ, യോജിച്ച പുസ്തകങ്ങൾ കണ്ടെത്തി

GHSS MULLASSERY

അധിക വായനയ്ക്ക് നൽകൽ, ജന്മദിന പുസ്തകം സമാഹരിക്കൽ തുടങ്ങിയവ.)

- രക്ഷിതാക്കളുടെ വായന പരിപോഷണം കുട്ടികളിലൂടെ നടപ്പാക്കുന്നു.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി എല്ലാ ദിവസവും ഒഴിവുസമയം കണ്ടെത്തി "ശ്രദ്ധ" ക്ലാസ്സുകൾ നൽകുന്നു.
- സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി. യോഗം എന്നിവ സമയാസമയങ്ങളിൽ കൂടി പാഠ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

## ലൈബ്രറി

10000 ത്തിലധികം പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലൈബ്രറി ഈ സ്കൂളിലുണ്ട്. യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗത്തിൽപ്പെട്ട അധ്യാപകരും വിദ്യാർത്ഥികളും വായനാവശ്യങ്ങൾക്കായി ഒഴിവു സമയങ്ങളിൽ ഇവിടെ ഒത്തുകൂടുന്നു.

**ലക്ഷ്യം**

- പുസ്തകവായനയെ പ്രോത്സാഹിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- ഓരോ ക്ലാസിന്റെയും നിലവാരമനുസരിച്ച് ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നു. (ചുമതല ക്ലാസ് അധ്യാപകർ, ലൈബ്രറി ചുമതല വഹിക്കുന്ന അധ്യാപകർ).



GHSS MULLASSERY

- ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു. ക്ലാസ് ലൈബ്രറി നടത്തിപ്പുകാരായി അഭിരുചിയുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. ലൈബ്രറി പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നു.
- പുസ്തകങ്ങളെ തരംതിരിച്ച് കാറ്റലോഗ് തയ്യാറാക്കുന്നു. ക്ലാസുകളിലേക്ക് പുസ്തക ഷെൽഫ് ഉറപ്പുവരുത്തുന്നു.
- ക്ലാസ്സ് ലൈബ്രേറിയൻ മാരുടെയും, ഓരോ വിഷയത്തിന്റെയും അധ്യാപകരുടെയും നേതൃത്വത്തിൽ സ്കൂൾ ലൈബ്രറിയിൽ നിലവിലുള്ള പുസ്തകങ്ങളുടെ കാറ്റലോഗ് നിർമ്മിക്കുന്നു. (ചുമതല അധ്യാപകർ).
- ഓരോ ക്ലാസ്സിലും ആ ക്ലാസ്സിലെ കുട്ടികൾ ശേഖരിക്കുന്ന വിവിധ പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറിയിൽ നിന്ന് ലഭിക്കുന്ന പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ്സ് ലൈബ്രറികൾ സജ്ജീകരിക്കുന്നു.
- PTA യുടെ സഹായത്തോടെ ലൈബ്രറിയിലെ ആവശ്യങ്ങൾ നേടിയെടുത്ത് കുറ്റമറ്റ രീതിയിൽ കുട്ടികൾക്കും അധ്യാപകർക്കും പ്രയോജനപ്പെടുന്ന രീതിയിൽ ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്ക് മാറ്റം വരുത്തുന്നു.
- ലൈബ്രറി ഡിജിറ്റൈസ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. താത്പര്യമുള്ള യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി അധ്യാപകരേയും, താത്പര്യമുള്ള കുട്ടികളെയും ഉൾപ്പെടുത്തി ലൈബ്രറിയിലെ പുസ്തകങ്ങളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

GHSS MULLASSERY

- എല്ലാ കുട്ടികൾക്കും യഥേഷ്ടം ഇരിക്കുന്ന വായിക്കാൻ സാധിക്കുന്ന തരത്തിൽ ലൈബ്രറിയിൽ ആവശ്യമായ പുനക്രമീകരണം നടത്തുന്നു. വെളിച്ചം, വായു സഞ്ചാരം എന്നിവ ഉറപ്പുവരുത്തി കുട്ടികൾക്ക് ഇരുന്ന് വായിക്കാൻ കഴിയുന്ന രീതിയിൽ ഫർണിച്ചറുകൾ ക്രമീകരിക്കുന്നു.
- വായനയുടെ മഹത്വം പറയുന്ന മഹദ്വചനങ്ങൾ ലൈബ്രറിയുടെ ചുമരുകളിൽ എഴുതിവയ്ക്കുന്നു.
- മാറിയ പാഠപുസ്തകങ്ങൾക്ക് അനുസരിച്ച് വായനാ സാമഗ്രികൾ ലൈബ്രറിയിൽ ഉറപ്പുവരുത്തുക, വായനക്കൂട്ടത്തിന്റെ പ്രവർത്തനങ്ങൾക്ക് ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്ന് ഊർജ്ജസ്വലത വരുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രദർശനം ഒരുക്കുന്നു, അതുവഴി കുട്ടികളെ വായനയിൽ ഉത്സുകരാക്കുന്നു.

## വിദ്യാരംഗം കലാസാഹിത്യവേദി

**ലക്ഷ്യം**

- വിദ്യാർത്ഥികളുടെ സർഗ്ഗപരമായ കഴിവുകൾ വളർത്തുക.

**പ്രവർത്തനങ്ങൾ**

- ഓരോ ക്ലാസിലെയും ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാരംഗം കൺവീനർമാരെ തിരഞ്ഞെടുക്കുന്നു.



GHSS MULLASERY

- അവയിൽ നിന്ന് വിദ്യാരംഗം ജനറൽ കൺവീനർ തെരഞ്ഞെടുക്കുന്നു.
- ക്ലാസ് തലത്തിൽ കഥ, കവിത, ഉപന്യാസം, ചിത്രരചന, അഭിനയം, പാട്ട് എന്നിവയിൽ മത്സരങ്ങൾ ഒരുക്കി പ്രതിഭകളെ തിരഞ്ഞെടുക്കുന്നു. ക്ലാസ് അധ്യാപകരുടെയും ക്ലാസ് തല കൺവീനർമാരുടെയും വിദ്യാരംഗം സ്കൂൾ കോഡിനേറ്ററിന്റെയും സഹായത്തോടെ ഇത് നടപ്പാക്കുന്നു.
- ക്ലാസിലെ വായന കൂട്ടത്തിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നു. ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ഇത് നടപ്പാക്കുന്നു.
- ദിനാചരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു.
- കയ്യെഴുത്തു മാസിക ക്ലാസ് തല പ്രവർത്തനങ്ങളുടെ പതിപ്പുകൾ എന്നിവ സജ്ജമാക്കുന്നു. കഴിവുള്ള കുട്ടികളെ കണ്ടെത്തി ഉപജില്ല ജില്ലാ മത്സരങ്ങൾക്ക് സഹായവും പ്രോത്സാഹനവും ഉറപ്പുവരുത്തുന്നു.

## പത്രവായന

**ലക്ഷ്യം**

- കുട്ടികളിൽ പത്രവായന പരിപോഷിപ്പിക്കുകയും അതുവഴി അവരുടെ വായനശേഷിയും മാനസിക വികാസവും ഉറപ്പു വരുത്തുക.

GHSS MULLASERY

## ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി

## അക്കാദമിക മാസ്റ്റർപ്ലാൻ

**പ്രവർത്തനങ്ങൾ**

- എല്ലാ ദിവസവും അസംബ്ലിയിൽ പത്രവായനക്കായി സമയം നീക്കിവയ്ക്കുന്നു.
- പത്ര വാർത്തകൾ കുറിച്ച് ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിലും അനുയോജ്യമായ പാഠഭാഗങ്ങളിലും ചർച്ചകൾ സംഘടിപ്പിക്കുന്നു.
- പത്രവാർത്തകളെ അടിസ്ഥാനപ്പെടുത്തി പ്രശ്നോത്തരി നടത്തി പത്രവായനയ്ക്ക് പ്രോത്സാഹനം നൽകുന്നു.
- ഓരോ ക്ലാസിലേക്കും ഓരോ പത്രം എന്ന നിലയിൽ സ്പോൺസർമാരുടെ സഹായത്തോടെ പത്രങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.
- സ്കൂളുമായി ബന്ധപ്പെട്ട വാർത്തകൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും കുട്ടികളെ സജ്ജമാക്കുന്നു.

* * * *

GHSS MULLASSERY

**ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി**

**അക്കാദമിക മാസ്റ്റർപ്ലാൻ**

## സംസ്കൃതം

### 1. വാചന നൈപുണ്യം

**ലക്ഷ്യം**

- സംസ്കൃത ഭാഷ അക്ഷരത്തെറ്റ് ഇല്ലാതെ ഉച്ചാരണശുദ്ധിയോടെ വായിക്കാനുള്ള ശേഷി വളർത്തുക.

**പ്രവർത്തനങ്ങൾ**

- യുപി ഹൈസ്കൂൾ വിഭാഗങ്ങളിലെ സംസ്കൃതം പഠിക്കുന്ന കുട്ടികളെ അധിക സമയം കണ്ടെത്തി പാഠഭാഗം വായിച്ചു പരിശീലിപ്പിക്കുന്നു.
- ഇതിനായി ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് സംസ്കൃത കഥാശ്രവണം, വിവിധ ഉച്ചാരണരീതികൾ തുടങ്ങിയവ പരിശീലിപ്പിക്കുന്നു.
- അധ്യായന വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഈ പ്രവർത്തനം വിലയിരുത്തി തുടർ പരിപാടികൾ ആസൂത്രണം ചെയ്യുന്നു

### 2. ലേഖനം നൈപുണ്യം

**ലക്ഷ്യം**

- സംസ്കൃത ഭാഷ അക്ഷരത്തെറ്റ് കൂടാതെ എഴുതുന്നതിനുള്ള ശേഷി കുട്ടികളിൽ വളർത്തുക.

GHSS MULLASSERY

**പ്രവർത്തനങ്ങൾ**

- യുപിതലത്തിൽ സംസ്കൃതം പഠിക്കുന്ന കുട്ടികളിൽ അക്ഷരത്തെറ്റ് ഇല്ലാതെ എഴുതുന്നതിനുള്ള ശേഷി ലഭിക്കാൻ അക്ഷരമാലയിൽ തുടങ്ങി പദങ്ങളും വാചകങ്ങളും തെറ്റകൂടാതെ എഴുതാനുള്ള പരിശീലനം നൽകുന്നു.
- ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിൽ താൽപര്യം വളർത്തുന്ന രീതിയിൽ അക്ഷരമാല പഠനം, വിവിധ പദങ്ങളുടെയും അവയുടെ അർത്ഥങ്ങളുടെയും പ്രദർശനം, കാർട്ടൂൺ, ചെറിയ സംഭാഷണങ്ങൾ, കഥകൾ, എന്നിവ പ്രദർശിപ്പിക്കുന്നു.
- പ്ലക്കാർഡ് നിർമ്മാണം, രചനാ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുകയും മാസാവസാനം വിലയിരുത്തി തുടർപരിപാടികൾ ആസൂത്രണം ചെയ്യുന്നു.

## 3. സരള സംസ്കൃതം

**ലക്ഷ്യം**

- സംസ്കൃതം പഠിപ്പിക്കുന്ന കുട്ടികളെ ഭാഷയിൽ പ്രാവീണ്യമുള്ളവരാക്കുക.

**പ്രവർത്തനങ്ങൾ**

- സംസ്കൃത ദിനാചരണം സംസ്കൃത അസംബ്ലി വായന മത്സരം രചനാ മത്സരം തുടങ്ങിയവ സംഘടിപ്പിച്ചുകൊണ്ട് കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നു.
- സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിച്ച കുട്ടികളിൽ സംഭാഷണനൈപുണി വർദ്ധിപ്പിക്കുന്നു.

GHSS MULLASSERY

- സംസ്കൃത ഭാഷാശേഷി വളർത്തുന്നതിന് അനുയോജ്യമായ രീതിയിൽ ഗാനാലാപനം, പ്രസംഗം, അഷ്ടപതി, ശ്ലോകോച്ചാരണം തുടങ്ങിയവ പരിശീലിപ്പിക്കുന്നു.
- വർഷാവസാനം ഈ പ്രവർത്തനങ്ങൾ വിലയിരുത്തി തുടർപരിപാടികൾ ആസൂത്രണം ചെയ്യുന്നു.

## 4. എ പ്ലസ് നേടുന്നതിനുള്ള പരിശീലനം

**ലക്ഷ്യം**

- ശരാശരി പഠന നിലവാരം പുലർത്തുന്ന കുട്ടികളെ എസ്എസ്എൽസി പരീക്ഷയിൽ എ പ്ലസിലേക്ക് എത്തിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുക.

**പ്രവർത്തനങ്ങൾ**

- അധിക സമയം കണ്ടെത്തി ആവശ്യമായ പരിശീലനം നൽകുന്നു.
- ക്ലാസ് തല പരീക്ഷകൾ നടത്തി പഠനനിലവാരം വിലയിരുത്തൽ. സമഗ്ര പരിശീലനം പരിഹാരബോധനം തുടങ്ങിയവയിലൂടെ കുട്ടികളെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുന്നു.
- ബുദ്ധിമുട്ടുള്ള പാഠഭാഗങ്ങൾ ആവർത്തിച്ചു പഠിപ്പിക്കൽ, പ്രശ്ന പത്രിക നിർമ്മിച്ച് മൂല്യനിർണയം നടത്തൽ, പരിഹാരബോധന ക്ലാസുകൾ നടത്തൽ എന്നിവ സംഘടിപ്പിക്കുന്നു.

* * * *



GHSS MULLASSERY

## ഇംഗ്ലീഷ്

**ലക്ഷ്യം**

- വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷ അനായ സേന കൈകാര്യം ചെയ്യാനും ഭാഷാനൈപുണ്യം വർധിപ്പിക്കുവാനും പ്രാപ്തരാക്കുക

**പ്രവർത്തനങ്ങൾ**

- പ്രത്യേകം സ്ക്രിപ്റ്റ് തയ്യാറാക്കി നാടകങ്ങൾ അവതരിപ്പിക്കാൻ പരിശീലനം നൽകുന്നു.
- നിമിഷ പ്രസംഗം, കോറിയോഗ്രാഫി, സെമിനാർ അവതരണം, ഫീച്ചർ ഫിലിം പ്രദർശനം, സ്വയം രചിച്ച കവിതകളുടെ അവതരണം, ഷോർട്ട് ഫിലിമുകളുടെ നിർമ്മാണം എന്നിവ നടത്തുന്നു.
- മഹദ്വ്യക്തികളുമായുള്ള അഭിമുഖങ്ങൾ, പാഠപുസ്തകത്തിലുള്ള പാട്ടുകളുടെ മത്സരം, ഡോക്യുമെൻററി പ്രദർശനം, ഡോക്യുമെന്ററി നിർമ്മാണം എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷ ധാരാളം കേൾക്കാനും ഉപയോഗിക്കാനും ഉള്ള അവസരങ്ങൾ നൽകുന്നു.
- ദിനാചരണങ്ങൾ ക്ലബ്ബ് പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നടത്തുന്നു.
- ആഴ്ചയിൽ നാലു തവണയെങ്കിലും ബിബിസി ന്യൂസ് പോലെയുള്ള മികച്ച ചാനൽ വാർത്തകൾ കേൾക്കാനുള്ള അവസരങ്ങൾ ഒരുക്കി കൊടുക്കുന്നു.



GHS MULLASSERY

- കമ്മ്യൂണിക്കേഷൻ സ്കിൽസ് വർദ്ധിപ്പിക്കാൻ, തെരഞ്ഞെടുത്ത സിനിമ ക്ലിപ്പുകളുടെ പ്രദർശനം ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് നടത്തുന്നു.

## സ്കൂൾ റേഡിയോ

**ലക്ഷ്യം**

- കുട്ടികളുടെ സർഗ്ഗപരമായ കഴിവുകൾ വളർത്തുക.

**പ്രവർത്തനങ്ങൾ**

- സ്കൂളിൽ കുട്ടികളുടെയും അധ്യാപകരുടെയും സഹകരണത്തോടെ റേഡിയോ മാതൃകയിൽ പ്രോഗ്രാമുകളും വാർത്തകളും അവതരിപ്പിക്കുന്ന രീതി ആരംഭിക്കുന്നു.
- തിരഞ്ഞെടുത്ത മികച്ച പ്രോഗ്രാമുകൾ ഒഴിവുസമയങ്ങളിൽ ക്ലാസ്സ്മുറികളിലുള്ള ഉച്ചഭാഷിണികൾ വഴി കേൾപ്പിക്കുന്നു. ഇതുവഴി കുട്ടികളുടെ ഉച്ചരിക്കാനുള്ള കഴിവുകൾ വർദ്ധിക്കുന്നു.
- പ്രസിദ്ധരായ വ്യക്തികളുടെ മുഖ്യ കൃതികളുടെ പരിചയപ്പെടൽ വ്യക്തികളുമായുള്ള അഭിമുഖം എന്നിവയും നടത്തുന്നു.
- സമകാലിക പ്രശ്നങ്ങൾ വിദ്യാർത്ഥികളുടെ കണ്ണിലൂടെ അവതരിപ്പിക്കൽ എന്നിവയും നടത്തുന്നു.

GHSS MULLASSERY

## ദിനാചരണങ്ങൾ

**ലക്ഷ്യം**

- ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം അനായാസമാക്കുക.

**പ്രവർത്തനങ്ങൾ**

- ഇംഗ്ലീഷ് ഭാഷയിൽ അസംബ്ലി നടത്തുന്നു.
- ജീവചരിത്രക്കുറിപ്പ് വായന, പുസ്തക ആസ്വാദനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ എന്നിവ നടത്തുന്നു.
- പാഠ്യപദ്ധതിയിലെ കഥകളുടെ ദൃശ്യാവിഷ്കാരം, കവിതകൾ, ഗാനങ്ങൾ, എന്നിവയുടെ കോറിയോഗ്രാഫി എന്നിവ ഉൾപ്പെടുത്തി മത്സരങ്ങൾ നടത്തുവാൻ കഴിയുന്ന കുട്ടികളെ ഉൾപ്പെടുത്തി മത്സരം നടത്തുന്നു.
- കുട്ടികൾ സ്വയം തയാറാക്കിയ സ്ക്രിപ്റ്റ് ഉപയോഗിച്ച് സ്കിറ്റുകൾ, നാടകങ്ങൾ എന്നിവ അവതരിപ്പിക്കുന്നു. ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് ഇവയുടെ അനിമേഷനുകൾ, ചെറിയ സിനിമകൾ എന്നിവ തയാറാക്കുന്നു.
- കുട്ടികൾ ഒരാഴ്ചയിലെ പ്രധാന വാർത്തകൾ കണ്ടുപിടിച്ച വാൾ മാഗസിൻ തയ്യാറാക്കുന്നു. ഒരു മാസത്തിലെ പ്രധാന വാർത്തകളിൽ നിന്നും ന്യൂസ് ക്വിസ് നടത്തുന്നു.

* * * *



GHSS MULLASSERY

## ഹിന്ദി

**ലക്ഷ്യങ്ങൾ**

- രാഷ്ട്രഭാഷ എന്ന നിലയിൽ ബിന്ദി ഭാഷയുടെ സ്വാംശീകരണവും, വ്യവഹാര ഭാഷ എന്ന നിലയിൽ ഹിന്ദി ഭാഷയുടെ വ്യാപനത്വവും ഉറപ്പു വരുത്തുക
- സ്കൂൾ പഠനം പൂർത്തിയാകുമ്പോഴേക്കും എല്ലാ കുട്ടികളും അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾ നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനും പ്രാപ്തരാകുക.

**പ്രവർത്തനങ്ങൾ**

- ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം സൂക്ഷ്മതലാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുന്നു.
- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ വായിക്കാനും എഴുതാനും ഉള്ള കഴിവ് വികസിപ്പിക്കുന്നതിന് ആവശ്യമായ അധിക പ്രവർത്തനങ്ങൾ നടത്തുന്നു.
- വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കുന്നു.
- ജൂലൈ 31 ന് ഹിന്ദിയിലെ പ്രശസ്തനായ സാഹിത്യകാരൻ മുൻഷി പ്രേംചന്ദിന്റെ ജന്മദിനത്തിനോട് അനുബന്ധിച്ച് കുറിപ്പ് തയ്യാറാക്കൽ, ചിത്രരചന മത്സരങ്ങൾ, പ്രശ്നോത്തരി, പോസ്റ്റർ രചന, ഒമ്പതാം ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട "ബൂഡി കാക്കി"

GHS MULLASERY

എന്ന നോവലിന് അടിസ്ഥാനമാക്കിയുള്ള ചലച്ചിത്രപ്രദർശനം, പത്താം ക്ലാസിലെ "ഠാക്കൂർ കാ കുആം" എന്ന നോവലിന്റെ ചലച്ചിത്രവിഷ്കാരം പ്രദർശിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.

- സെപ്റ്റംബർ 14 ഹിന്ദി ദിനം സമുചിതമായി ആഘോഷിക്കും. അതോടൊപ്പം പോസ്റ്റർ രചന, കഥാരചന, ഉപന്യാസരചന, കവിതാരചന, യുപി വിഭാഗം കുട്ടികൾക്ക് കയ്യെഴുത്ത് മത്സരങ്ങൾ, പദനിർമ്മാണം, ബാഡ്ജ്, നിർമ്മാണം എന്നിവ നടത്തുന്നു. കൂടാതെ ഹിന്ദിയിലെ പ്രശസ്ത സാഹിത്യകാരന്മാരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള വീഡിയോകൾ, ഗസലുകൾ എന്നിവ പ്രദർശിപ്പിക്കുന്നതിനായി ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- കുട്ടികളുടെ ദിനമായ നവംബർ 14ന് "എന്റെ മാഗസിൻ എന്റെ സ്കൂളിന്" എന്ന കയ്യെഴുത്തു മാസിക നിർമ്മിക്കുന്നു.
- ഓരോ മാസവും ക്ലാസ് പരീക്ഷകൾ നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിശീലനം നൽകുന്നു.
- ഹിന്ദിയിൽ നടത്തിയ മികച്ച തനതു പ്രവർത്തനങ്ങളിലും, മറ്റു മത്സരങ്ങളിലും വിജയം കൈവരിച്ച വിദ്യാർത്ഥികളെ ആദരിക്കുന്നു. ഇത് കുട്ടികളുടെ വിവിധ സർഗ്ഗാത്മക പ്രകടനങ്ങൾക്കുള്ള അവസരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു.
- എല്ലാ ക്ലാസ് മുറിയിലും ചെറിയ ഹിന്ദി ഭാഷാ നിഘണ്ടുക്കൾ ഒരുക്കുന്നു.

GHS MULLASERY

**ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി**

**അക്കാദമിക മാസ്റ്റർപ്ലാൻ**

- ICT സാധ്യതകൾ ഉപയോഗപ്പെടുത്തി ഹിന്ദി പഠനം കാര്യക്ഷമമാക്കുന്നു.
- ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹിന്ദിയിലെ സാഹിത്യകാരന്മാരുട രചനകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുസ്തകപ്രദർശനം നടത്തുന്നു.
- സ്വാതന്ത്ര്യദിന പരിപാടികളോടനുബന്ധിച്ച് ദേശഭക്തിഗാനങ്ങൾ, ദേശഭക്തി കഥകൾ, ദേശീയ നേതാക്കളെ കുറിച്ചുള്ള പ്രദർശനം, ഹിന്ദി പ്രശ്നോത്തരി, ഹിന്ദി പോസ്റ്റർ, ബാഡ്ജ് എന്നിവ നിർമിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ജൂൺ മുതൽ തന്നെ കഥാവായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. അതുവഴി മാതൃഭാഷയെപ്പോലെ രാഷ്ട്രഭാഷയും കൈകാര്യം കുട്ടികളെ പ്രാപ്തരാക്കുന്നു.
- ഹിന്ദി തീയേറ്ററുകൾ സജ്ജീകരിച്ച് ആശയവിനിമയത്തിന് സാധ്യമായ സാഹചര്യം ഒരുക്കുന്നു.
- ഭാരതത്തിലെ മഹത് വ്യക്തികളുടെ സൂക്തികളുടെ അന്വേഷണവും ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള പ്രചോദനം നൽകുന്നു.
- മാസത്തിലൊരിക്കൽ ഹിന്ദി ദിനമായി ആചരിക്കുന്നു. കുട്ടികളുടെ രചനകൾ, കവിതകൾ, മറ്റു പ്രവർത്തന മികവുകൾ എന്നിവ സ്കൂളിൽ പ്രദർശിപ്പിക്കുന്നു.

GHSS MULLASERY

- ഹിന്ദിയിൽ വാർത്താവായന, ദിനപ്രാധാന്യത്തെ വിഷയീഭവിച്ചുള്ള പ്രസംഗം, ഹിന്ദിയിലെ ഏതെങ്കിലും ഒരു സാഹിത്യകാരനെ പരിചയപ്പെടുത്തൽ, എന്നിവയും നടത്തുന്നു.
- ഹിന്ദി ഭാഷയും സാഹിത്യവും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു ഹിന്ദി ബോർഡ് സ്ഥാപിക്കുകയും, പ്രസ്തുത ദിനത്തിലെ പ്രധാന വാർത്തകൾ സാഹിത്യപ്രദർശനം മികവുകളുടെ പ്രദർശനം എന്നിവ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.
- ക്ലാസ് മുറിയിൽ ഹിന്ദി ഭാഷയിലെ സ്വര-വ്യഞ്ജനാക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, ചില്ലക്ഷരങ്ങൾ, സംഖ്യകൾ, വ്യാകരണത്തിലെ അടിസ്ഥാന പ്രയോഗങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു.

* * * *

GHSS MULLASSERY

## ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി

## അക്കാദമിക മാസ്റ്റർപ്ലാൻ

### സോഷ്യൽ സയൻസ്

**ലക്ഷ്യങ്ങൾ**

- സാമൂഹ്യശാസ്ത്രവിഷയം കൂടുതൽ ശാസ്ത്രീയമാക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.
- സാമൂഹ്യ ചിന്ത സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലനശേഷി, എൻക്വയറി സ്കിൽ എന്നിവ എല്ലാ കുട്ടികളും ആർജിക്കുക.
- സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- പഠനം കൂടുതൽ തനിമയുള്ളതാക്കുക.
- സാമൂഹ്യശാസ്ത്രപഠനശേഷി വികസിപ്പിക്കുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക.
- മതേതര ജനാധിപത്യ ബോധം വികസിപ്പിക്കാൻ ചരിത്ര ശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറയ്ക്ക് കൈമാറുക.
- അർത്ഥപൂർണ്ണമായ ഭൂപട വായന ക്രമീകരിക്കുക.
- പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുക.
- പ്രാദേശിക ചരിത്രബോധം വളർത്തുക.
- പഠനയാത്രകൾ സംഘടിപ്പിച്ച ചരിത്ര പഠനം കാര്യക്ഷമവും രസകരവും ആക്കുക.



GHSS MULLASSERY

- ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുക.

**പ്രവർത്തനങ്ങൾ**

- ക്ഷേത്രോത്സവങ്ങൾ ആഘോഷപൂർവ്വം കൊണ്ടാടുന്ന വിവിധ മതസ്ഥരുടെ കൂട്ടായ്മകൾ, മോണുമെന്റുകൾ സന്ദർശനം എന്നിവ നടത്തുന്നു.
- വിവിധ മതസ്ഥരുടെ സംസ്കാരങ്ങൾ മനസ്സിലാക്കുന്നതിന് അവരുടെ ചിത്രങ്ങൾ, കഥകൾ എന്നിവ പ്രദർശിപ്പിക്കുന്നു.
- CWSN കുട്ടികളെ പരിഗണിച്ചുകൊണ്ട് ആശയങ്ങൾ ചിത്രങ്ങളിലൂടെയും മോഡലുകളിലൂടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.
- ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് പഠനം ആകർഷകമാക്കുന്നു.
- ലഹരി വിരുദ്ധ മനോഭാവം വളർത്താൻ ലഘുകുറിപ്പുകൾ, ദൃശ്യങ്ങൾ, റാലി എന്നിവ സംഘടിപ്പിക്കുന്നു.
- പ്രസംഗം, ക്വിസ്, പ്രത്യേക അക്കാദമിക കലണ്ടർ തയ്യാറാക്കൽ, സ്കിറ്റ് നിർമ്മാണം തുടങ്ങിയവ നടത്തുന്നു.
- സാമൂഹ്യ ലാബ് സജ്ജമാക്കുന്നു.
- ഭൂപടങ്ങൾ, അറ്റ്ലസ്, ഗ്ലോബുകൾ, ഐസിടി അധിഷ്ഠിത ക്ലാസ്സുകൾ എന്നിവയിലൂടെ പഠനം രസകരമാക്കുന്നു.

GHSS MULLASSERY

- പഴയകാല ഉപകരണങ്ങൾ, പണിയായുധങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു.
- കേരളം, ഇന്ത്യ, ലോകം എന്നിവയുടെ ഭൂപടങ്ങൾ പരിചയപ്പെടുത്തുന്നു.
- ചരിത്ര സ്മാരക സന്ദർശനം, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ എന്നിവ നടത്തുന്നു.
- കേരളത്തിലെ ജില്ലകൾ, ഇന്ത്യയിലെ സംസ്ഥാനങ്ങൾ, ലോകത്തിലെ വൻകരകൾ എന്നിവ കുട്ടികൾ സ്വയം കണ്ടെത്തുന്നതിനുള്ള പ്രവർത്തനം നൽകുന്നു.
- ഭൂപടനിർമ്മാണം, ചരിത്ര പഠന അവലോകനം, ആനുകാലിക വിഷയങ്ങളിൽ ഊന്നിയുള്ള ക്വിസ് മത്സരം, ആൽബം നിർമാണം എന്നിവ നടത്തുന്നു.

* * * *

GHSS MULLASSERY

## ഫിസിക്കൽ സയൻസ്

**ലക്ഷ്യങ്ങൾ**

- ശാസ്ത്രബോധത്തിൽ വിദ്യാർത്ഥികൾ ഉയർന്ന നിലവാരം പുലർത്തുക.
- വിഷയങ്ങളിലെ ആശയങ്ങളെ അസ്പദമാക്കി വിവിധ ഉൽപ്പന്ന നിർമ്മാണത്തിൽ കഴിവു നേടുക.
- ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള മികവു നേടുക.
- ലഘുപരീക്ഷണ അവതരണത്തിലൂടെ വിദ്യാർത്ഥികളിൽ കൗതുകം , നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
- കാലാനുചിതമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.
- വിവരശേഖരണത്തിന് തൽപരരാക്കുക.
- സഹകരണ മനോഭാവം വളർത്തുക.
- അന്വേഷണത്വര വർദ്ധിപ്പിക്കുക.
- അടുക്കളയിലെ ഊർജ്ജതന്ത്രം, രസതന്ത്രം എന്നിവ കണ്ടെത്തുക.
- ശ്സ്ത്രപഠനം ഭിന്നശേഷി സൗഹൃദമാക്കി അവരെക്കൂടി ശാസ്ത്ര പരൂക്ഷണങ്ങളിൽ ഉൾപ്പെടുത്തക.

GHSS MULLASERY

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക, നേരവ് നേടുക.
- ഓപ്പൺ ലാബ് ശാസ്ത്ര കലണ്ടർ എന്നിവ തയ്യാറാക്കുക.
- ശാസ്ത്ര മൂലകങ്ങളെ അടുത്തറിയാൻ പ്രശ്നപരിഹാരബോധന പ്രവർത്തനങ്ങൾ നടത്തുക.

**പ്രവർത്തനങ്ങൾ**

- പുതിയ പരീക്ഷണ രീതികളെ ആസ്പദമാക്കി കൊണ്ട് പരീക്ഷണങ്ങൾ ഗ്രൂപ്പ് തിരിച്ച് ചെയ്യുന്നു.
- പരീക്ഷണങ്ങളുടെ കൂടുതൽ വിവരണത്തിനായി ഓരോ ഗ്രൂപ്പും ചാർട്ട് നിർമിച്ച് പ്രദർശനം നടത്തുന്നു.
- പരീക്ഷണങ്ങളെ ഫ്ലോചാർജ് സഹായത്തോടെ മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കുന്നു.
- പ്രയാസമേറിയ പരീക്ഷണങ്ങൾ ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തി അവതരിപ്പിക്കുന്നു.
- ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ അവതരിപ്പിക്കുന്നു.
- ശാസ്ത്രവുമായി ബന്ധപ്പെട്ട് വരുന്ന മോഡലുകൾ ഉണ്ടാക്കുന്നു.
- മോഡലുകളുടെ സഹായത്തോടെ ശാസ്ത്ര പ്രോജക്ടുകൾ സംഘടിപ്പിക്കുന്നു.
- ഗ്രൂപ്പുകളായി തിരിച്ച് ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിലെ പാഠഭാഗത്തുനിന്നും അധിക അറിവുകളെ ശേഖരിച്ച് ക്ലാസുകളിൽ സെമിനാർ അവതരിപ്പിക്കുന്നു.

GHSS MULLASSERY

- സയൻസ് ലാബിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നു. ഗ്രൂപ്പ് തലത്തിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു.
- കാലാവസ്ഥ വ്യതിയാനത്തെ അടിസ്ഥാനമാക്കി അതിനെ ബാധിക്കുന്ന കാരണങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തുന്നു.
- മഴക്കെടുതികളെക്കുറിച്ചുള്ള അന്വേഷണം, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, അവതരണം എന്നിവ സംഘടിപ്പിക്കുന്നു.
- ശാസ്ത്രപഥം അനുസരിച്ച് കുട്ടികളിലെ ആശയങ്ങളെ വിപുലീകരിക്കുന്നു.
- ക്ലാസുകളിൽ ശാസ്ത്ര ലൈബറി, ശാസ്ത്രം മാസിക പ്രസിദ്ധീകരിക്കൽ എന്നിവ സംഘടിപ്പിക്കുന്നു.
- ലൈബ്രറിയിൽ നിന്ന് ലഭ്യമായതോ പുറമേ നിന്നും ലഭിക്കുന്നതോ ആയ ശാസ്ത്ര പുസ്തകങ്ങൾ ശേഖരിച്ച് വായിച്ച്, വായനക്കുറിപ്പുകൾ തയ്യാറാക്കുന്നു.
- 8, 9, 10 ക്ലാസുകളിൽ ശാസ്ത്ര ബുക്ക് തയ്യാറാക്കുന്നു.
- പത്രം, മാസികകൾ, ആഴ്ചപ്പതിപ്പുകൾ എന്നിവയിൽ നിന്ന് ലഭിക്കുന്ന പുതിയ ശാത്രവിവരങ്ങൾ, ശാസ്ത്രരംഗത്തെ വാർത്തകൾ, ശാസ്ത്രജ്ഞന്മാരെക്കുറിച്ചുള്ള വിവരങ്ങൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ശാസ്ത്രബുക്കിൽ പതിപ്പിക്കുന്നു.
- സാധാരണയായി അടുക്കളയിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ ശാസ്ത്രനാമം കണ്ടെത്തുന്നു.



GHSS MULLASERY

- ഊർജ്ജതന്ത്രവുമായി ബന്ധപ്പെട്ട് അടുക്കളയിലുണ്ടാകുന്ന ഊർജ്ജമാറ്റങ്ങൾ നിരീക്ഷിച്ച് വസ്തുകൾ വിശകലും ചെയ്യുന്നു.
- ഭിന്നശേഷി വിദ്യാർഥികൾക്കായി ശാസ്ത്ര ബന്ധിത ചിത്രങ്ങൾ ശേഖരിച്ച് നൽകുന്നു. ഈ ചിത്രങ്ങൾ ഉപയോഗിച്ച് ലഘു ആൽബം ഉണ്ടാക്കാൻ പരിശീലിപ്പിക്കുന്നു.
- എഴുതുവാൻ കഴിവും താൽപര്യവും ഉള്ള ഭിന്നശേഷി വിദ്യാർഥികളെ കൊണ്ട് അധ്യാപകന്റെ സഹായത്തോടെ ശാസ്ത്രക്കുറിപ്പുകൾ തയ്യാറാക്കുന്നു.
- സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കാൻ ശരിയായ വേസ്റ്റ് ഡിസ്പോസൽ അവബോധ ക്ലാസുകളും, ക്രമീകരണങ്ങളും ശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു.
- പ്ലാസ്റ്റിക്കിനെ കുറിച്ച് കൂടുതൽ പഠനവും, അതിന്റെ സാധ്യതകളെ ഇല്ലാതാക്കാനുള്ള മാർഗവും, പുതിയ രീതിയിൽ പ്ലാസ്റ്റിക് സംസ്കരണം എന്നിവയെക്കുറിച്ച് അന്വേഷണം നടത്തുന്നു.
- വ്യവസായ ശാലകളിലെ നേരിട്ടുള്ള സന്ദർശനം, അതിൻറെ അടിസ്ഥാനത്തിലെ പഠന റിപ്പോർട്ട് തയ്യാറാക്കുന്നു.
- സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ, പ്രൊജക്റ്റ് എന്നിവയിൽ പങ്കെടുപ്പിക്കൽ, ശാസ്ത്രകാരന്മാരും ആയി സംവദിക്കൽ തുടങ്ങിയവ സംഘടിപ്പിക്കുന്നു.

GHSS MULLASSERY

- ഓപ്പൺ ലാബ് എന്ന ആശയം മുൻനിർത്തിക്കൊണ്ട് സാധ്യമായ പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി കുട്ടികൾക്ക് ചെയ്തു നോക്കാൻ അവസരം നൽകുന്നു.
- 8, 9, 10 ക്ലാസുകളിൽ ഓരോ ശാസ്ത്ര മാഗസിൻ എന്ന പ്രവർത്തനം നടത്തുന്നു.
- ഓരോ മാസവും ഉണ്ടാകുന്ന ശാസ്ത്രദിനങ്ങളുടെ കലണ്ടർ തയ്യാറാക്കുന്നു.
- ആവർത്തന പട്ടികയിലെ മൂലകങ്ങളെ പഠിക്കാനും പരിചയപ്പെടാനുമുള്ള എളുപ്പമാർഗങ്ങൾ കണ്ടെത്തുന്നു. ഇവയുടെ രാസ ഭൗതിക ഗുണങ്ങൾ മറ്റു പ്രത്യേകതകൾ എന്നിവ ഐ.സി.ടി. സഹായത്തോടെ തയ്യാറാക്കുന്നു.
- ഹാർഡ്-സ്പോട്ടുകൾ കണ്ടെത്തി കൂടുതൽ വിശദമായ ക്ലാസുകൾ നടത്തുന്നു പ്രശ്നങ്ങൾ പരിഹരിച്ച് കുട്ടികളെ ശാസ്ത്ര തൽപരരാക്കുന്നു.

* * * *

GHSS MULLASSERY

## ബയോളജി

**ലക്ഷ്യങ്ങൾ**

- നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ ചിലതെങ്കിലും സ്വന്തമായി ഉത്പാദിപ്പിക്കേണ്ടതാണെന്ന് തിരിച്ചറിയുക.
- കൃഷിയും പച്ചക്കറിത്തോട്ടവും നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകൽ.
- ശുദ്ധജല സ്രോതസ്സുകൾ മലിനമാക്കുന്ന സാഹചര്യങ്ങൾ കണ്ടെത്തുക.
- ജലസംരക്ഷണ മാർഗങ്ങൾ നിർദ്ദേശിക്കാനും പ്രാവർത്തികമാക്കാനും കഴിയുക.
- മഴക്കാല രോഗങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ നിർദ്ദേശിക്കുക.
- സസ്യങ്ങൾ ജന്തുക്കൾ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് പഠിക്കുക.
- ശുചിത്വം പാലിക്കൽ വേണ്ട നിർദ്ദേശങ്ങൾ നൽകുക.
- വിവിധ രോഗങ്ങളുടെ പേരുകൾ രോഗകാരണങ്ങൾ എന്നിവയെ കുറിച്ച് ധാരണ നേടുക.
- ശരീര അവയവങ്ങളെ കുറിച്ച് മനസ്സിലാക്കുക.
- കൃഷിയുടെ പ്രാധാന്യം തിരിച്ചറിയുക.
- മൈക്രോസ്കോപ്പിന്റെ ധർമ്മങ്ങൾ പഠിക്കുക.
- സസ്യവൈവിധ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.



GHSS MULLASSERY

**പ്രവർത്തനങ്ങൾ**

- ഇല, വേര്, തടി, പൂവ്, വിത്ത് എന്നിവ ഉൾപ്പെടുത്തി സസ്യ ആൽബം തയാറാക്കുന്നു.
- ശാസ്ത്ര പതിപ്പുകൾ നിർമ്മിക്കുന്നു.
- പൂന്തോട്ടം നിർമ്മാണം, ലഘുപരീക്ഷണങ്ങൾ എന്നിവ നടത്തുന്നു.
- വിവിധതരം വിത്തു മുളപ്പിക്കൽ രീതികൾ മനസ്സിലാക്കുന്നു.
- നിരീക്ഷണ പഠനം, പഠനയാത്രകൾ ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു.
- കൃഷിയോടുള്ള താല്പര്യം. മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയൽ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു.
- രോഗങ്ങളെ തരംതിരിച്ച് പട്ടികപ്പെടുത്തുന്നു. രോഗ കാരണങ്ങളും, അവക്കെതിരെയുള്ള മുൻകരുതലുകളും വിശദീകരിക്കുന്നതിന് ശില്പശാലകളും ബോധവൽക്കരണക്ലാസ്സുകളും സംഘടിപ്പിക്കുന്നു.
- വിവിധ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നു. സസ്യങ്ങളുടെ ശാസ്ത്രനാമം തിരിച്ചറിയുന്നു.
- ശരീരാവയവങ്ങളുടെ ഘടന മനസ്സിലാക്കുന്നു.
- സസ്യകോശം ജന്തു കോശം എന്നിവ മൈക്രോസ്കോപ്പുകൾ ഉപയോഗിച്ച് സ്വന്തമായി നിരീക്ഷിക്കുന്നു.

GHSS MULLASSERY

- പ്രദേശത്തുള്ള സാംക്രമിക രോഗങ്ങൾ ജീവിതശൈലി രോഗങ്ങൾ എന്നിവയെക്കുറിച്ച് സർവ്വെ നടത്തി റിപ്പോർട്ടുകൾ തയാറാക്കുന്നു.
- ജൈവ കമ്പോസ്റ്റ് നിർമിച്ച് സ്വന്തമായി കൃഷി ചെയ്യുന്നു. വിവിധ കൃഷി രീതികൾ സ്വായത്തമാക്കുന്നു

* * * *

GHSS MULLASSERY

## ഗണിതം

**ലക്ഷ്യങ്ങൾ**

- ഗണിതം മനോഹരമായ ഒരു ചങ്ങലയാണ് അതിലെ കണ്ണികൾ ക്രമമായി അടുക്കി ഗണിത പഠനം രസകരമാക്കുക.
- ഗണിതാ ശയങ്ങളിലെ യാന്ത്രികത ഉപേക്ഷിച്ചുകൊണ്ട് പരമാവധി ജീവിത സാഹചര്യങ്ങളുടെ അകമ്പടിയോടെ ഗണിത പ്രശ്നങ്ങളെ അവതരിപ്പിക്കുക.
- ICT സാധ്യതകൾ പ്രയോജനപ്പെടുത്തി ഗണിതപഠനം ആകർഷകമാക്കുക.

**കണ്ടെത്തിയ പരിമിതികൾ**

- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
- ഐ.സി.ടി. അധിഷ്ഠിതവും പ്രക്രിയ ബന്ധിതവുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പരിമിതികൾ.
- പ്രവർത്തനാധിഷ്ഠിത പടനത്തിന് പ്രാധാന്യം നൽകാതെ തയാറാക്കുന്ന മൂല്യനിർണയ ചോദ്യപേപ്പറുകൾ.

**കാരണങ്ങൾ കുട്ടികളിൽ**

- "ഗണിതം പ്രയാസം എന്ന മുദ്രാവാക്യം".
- അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ്.
- പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയായ്ക.

GHSS MULLASSERY

- ഗണിത ക്രിയകൾ പരിശീലനത്തിലൂടെ സ്വായത്തമാക്കാതെ വായിച്ചു പഠിക്കുന്ന രീതി.

**കാരണങ്ങൾ അധ്യാപകരിൽ**

- എല്ലാ കുട്ടികളെയും പരിഗണിക്കുന്ന തരത്തിലുള്ള ക്ലാസ് റൂം കൈകാര്യം ചെയ്യുക.
- പഠിക്കാനുള്ള ആശയങ്ങളുടെ ബാഹുല്യം കാരണം വൈവിധ്യമായ പഠന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയായ്ക.
- പഠനോപകരണങ്ങൾ ഉപയോഗിച്ചുള്ള ക്ലാസ് റൂം വിനിമയത്തിനുള്ള സമയക്കുറവ്.
- പരീക്ഷണാധിഷ്ഠിതമായി പാഠപുസ്തകത്തിലെ ആശയങ്ങളെ സമീപിക്കുമ്പോൾ യഥാർത്ഥ ആശയം ഉറപ്പിക്കാതെ അടുത്തതിലേക്ക് പോകേണ്ടി വരുന്ന അവസ്ഥ.

**കാരണങ്ങൾ രക്ഷിതാക്കൾ**

- എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല.
- രക്ഷിതാക്കൾ സ്കൂളുമായി ബന്ധപ്പെട്ട് കുട്ടികളുടെ പഠനനിലവാരം അന്വേഷിക്കുന്നില്ല.

**പ്രവർത്തനങ്ങൾ.**

- പ്രീ ടെസ്റ്റ് നടത്തി കുട്ടിയുടെ നിലവാരം നിർണയിക്കുന്നു.
- അടിസ്ഥാനശേഷികൾ ഉറപ്പിക്കാൻ എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പാഠസൂത്രണങ്ങളും പഠനോപകരണങ്ങളും തയ്യാറാക്കുന്നു.



GHSS MULLASSERY

- ഗണിത ക്ലബ്ബിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നു.
- ഗണിത പഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.
- രസകരമായ ഗണിത ക്ലാസുകൾ സംഘടിപ്പിക്കുന്നു.
- ക്വിസ് മത്സരങ്ങൾ, പസിലുകൾ, കുസൃതി കണക്കുകൾ എന്നിവ കണ്ടെത്തി അവതരിപ്പിക്കുന്നു.
- ജിയോജിബ്ര, ജെഫ്രാക്ഷൻ ലാബ് തുടങ്ങിയ സോഫ്റ്റ് വെയറുകൾ ഉൾപ്പെടെ ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു.
- ഭിന്നശേഷിക്കാരായ കുട്ടികളെക്കൂടി പരിഗണിച്ചുകൊണ്ട് പാഠാസൂത്രണങ്ങൾ ഫലപ്രദമായി തയാറാക്കുന്നു.
- ഗണിതം വായിച്ചു പഠിക്കാതെ ചെയ്തു പഠിക്കുക എന്ന തത്വത്തിലൂന്നി കുട്ടികൾക്ക് വിവിധങ്ങളായ ആശയങ്ങളുറപ്പിക്കുന്നതിനുള്ള ഗൃഹപാഠങ്ങൾ നൽകുന്നു.

**ഗണിത ക്ലബ്ബ്**

- ഓരോ ക്ലാസിലെയും നാലിലൊന്ന് ഭാഗം കുട്ടികൾ ഗണിത ക്ലബ്ബിൽ അംഗങ്ങളായിരിക്കും.
- ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് സ്ഥലത്തിലും സ്കൂൾതലത്തിലും ആസൂത്രണം ചെയ്തു നടപ്പിലാക്കും.

GHSS MULLASERY

- ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് വ്യത്യസ്ഥങ്ങളായ പഠനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കും.
- ഗണിത വിദഗ്ധരുടെ രസകരമായ ഗണിത ക്ലാസുകൾ സംഘടിപ്പിക്കും

**ഗണിതമാഗസിൻ**

- ഗണിതശയങ്ങൾ പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ, ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ് തരത്തിലും സ്കൂൾതലത്തിലും ഗണിത മാഗസിനുകൾ തയ്യാറാക്കുന്നു.
- ഗണിത മാസികകൾ വായിക്കുന്നതിനും, ഗണിതശാസ്ത്രജ്ഞന്മാരെ കുറിച്ചും, അവരുടെ കണ്ടെത്തലുകളെ കുറിച്ചുമുള്ള അറിവുകൾ തുടങ്ങിയവയും ഉൾപ്പടുത്തി മാഗസിനുകൾ തയാരാക്കുന്നു.

* * * *

GHSS MULLASERY

## കലാപഠന നൈപുണ്യം

**ലക്ഷ്യം**

- ഓരോ കുട്ടിയും അവരുടെ കഴിവിനനുസരിച്ച് വിവിധ കലകൾ സ്വായത്തമാകാനുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

**പ്രവർത്തനങ്ങൾ**

- വിവിധ കഴിവുകളുള്ള കുട്ടികളെ മുന്നിൽകണ്ട് സമഗ്രാസൂത്രണം സൂക്ഷ്മതലാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നു.
- വിവിധ ദിനാചരണങ്ങളുടെ പാട്ട്, നൃത്തം എന്നിവ അവതരിപ്പിക്കുന്നു.
- പാഠഭാഗങ്ങളോട് അനുബന്ധിച്ചുള്ള പഠനപ്രവർത്തനങ്ങൾ എല്ലാവരും പൂർത്തിയാക്കിയെന്ന് ഉറപ്പുവരുത്തുന്നു.
- ഐ.സി.ടി. സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു.
- ദിനാചരണങ്ങൾ, ദിവസേനയുള്ള പ്രാർത്ഥനകൾ, കലാമേളകൾ, അസംബ്ലികൾ തുടങ്ങിയവ സംഘടിപ്പിച്ച് കലാപഠനം പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കുന്നു.
- കുട്ടികളിലൂടെ കുടുംബങ്ങളിൽ കലയോടുള്ള താല്പര്യം വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

GHSS MULLASSERY

- സബ്ജക്ട് കൗൺസിൽ എസ്. ആർ. ജി. എന്നിവ ചേർന്ന്, പാഠ്യ പ്രവർത്തനങ്ങൾ സുഗമമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു.
- വിവിധ കലകളിൽ കഴിവുകളുള്ള കുട്ടികളെ കണ്ടത്തി അവർക്ക് പരിശീലനം നൽകുന്നു.
- യു. പി., എച്ച്. എസ്., എച്ച്. എസ്. എസ്. വിഭാഗങ്ങളിലുള്ള കുട്ടികളെ വിവിധ പരിപാടികളിൽ ഉൾപ്പെടുത്തി അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുല്ള അവസരം ഒരുക്കുന്നു.
- നിരന്തരമായ പരിശാലനത്തിലൂടെ കുട്ടികളിലെ കലാനൈപുണിയുടെ നിലവാരം വർദ്ധിപ്പിക്കുന്നു.
- മികച്ച കുട്ടികളെ ഉപജില്ല ജില്ലാ മത്സരങ്ങൾക്ക് പങ്കെടുപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും പ്രോത്സാഹനവും നൽകുന്നു.

* * * *

GHSS MULLASSERY

## പരിസ്ഥിതി സംരക്ഷണം

**ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കൽ**

ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനും സ്കൂൾമുറ്റത്ത് ഔഷധ കൃഷിത്തോട്ടം ഒരുക്കുന്നതിനുമായി നട്ടുപിടിപ്പിച്ച് അവയെ പരിപോഷിപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു

**വിത്ത് നിർമ്മാണം വിത്തു പന്തേറ്**

ആഗോള താപനം ചെറുക്കാൻ മരങ്ങൾ വളരുന്നതിന് വേണ്ടി ഔഷധസസ്യങ്ങളുടെയും മറ്റ് സസ്യങ്ങളുടെയും വിത്തുകൾ ശേഖരിക്കുകയും അവ മണ്ണിൽ കുഴച്ച് പന്ത് രൂപത്തിലാക്കി വളരാൻ ആവശ്യമായ സാഹചര്യമുള്ള സ്ഥലത്ത് നിക്ഷേപിക്കുകയും ചെയ്യുന്നു

**പ്രവർത്തനങ്ങൾ**

കുട്ടികൾ മണ്ണ് കുഴച്ചെടുത്ത് ബോൾ രൂപത്തിലാക്കി ജൈവവളത്തിനൊപ്പം പലതരം വിത്തുകൾ വെച്ച് ഉരുളകൾ ഉണ്ടാക്കുന്നു ഉണങ്ങിയതിനു ശേഷം അവക്ക് വളരാൻ സാഹചര്യമുള്ള ഒഴിഞ്ഞ പറമ്പുകളിലേക്ക് എറിയുന്നു

**പരിസ്ഥിതി ദിനാചരണം**

പാരിസ്ഥിതിക അവബോധം കുട്ടികളിൽ വളർത്താൻ ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നു

GHSS MULLASSERY

**പ്രവർത്തനങ്ങൾ**

പരിസ്ഥിതി ദിന ക്വിസ് പോസ്റ്റർ നിർമ്മാണം എന്നിവ നടത്തുന്നു പരിസ്ഥിതി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. മരം വെച്ചുപിടിപ്പിക്കൽ

**അടുക്കളത്തോട്ടം വിപുലപ്പെടുത്തൽ**

അടുക്കളത്തോട്ടത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും കാർഷിക ബോധം കുട്ടികളിൽ വളർത്തുക രഹിതമായ പച്ചക്കറി ലഭ്യമാക്കുക എന്ന ലക്ഷ്യങ്ങളുടെ ഉള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു

**പ്രവർത്തനങ്ങൾ**

അടുക്കളത്തോട്ടത്തിൽ വിവിധയിനം പച്ചക്കറികൾ നട്ടുപിടിപ്പിച്ച് അവ പരിപാലിക്കുന്നു വിളവെടുക്കുന്ന പച്ചക്കറികൾ സ്കൂളിലെ ഉച്ചഭക്ഷണത്തിനായി ഉപയോഗപ്പെടുത്തുന്നു

**പെൻബോക്സ്**

പ്ലാസ്റ്റിക്പേനകളുടെ അവശിഷ്ടങ്ങളുടെ ദൂഷ്യവശങ്ങൾ മനസ്സിലാക്കിക്കൊണ്ട് സ്കൂൾ അങ്കണത്തിൽ നിന്ന് അവയെ ഒഴിവാക്കുന്നതിന് ആവശ്യമായ പെൻബോക്സുകൾ സ്ഥാപിക്കുന്നു

**പ്രവർത്തനം**

പെൻ ബോക്സ് നിർമ്മിച്ച സ്കൂളിൽ സ്ഥാപിക്കുന്നു ഉപയോഗശൂന്യമായ പേനകൾ ബോക്സിൽ നിക്ഷേപിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകുന്നു

GHSS MULLASSERY

**പരിസര ശുചീകരണം**

സ്കൂൾ അങ്കണം മാലിന്യ മുക്തമാക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നു

**പ്രവർത്തനങ്ങൾ**

ക്ലാസ് മുറികളിൽ നിന്നും സ്കൂൾ മുറ്റത്ത് നിന്നും പ്ലാസ്റ്റിക് കടലാസ്സുകൾ എന്നിവ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള ബിന്നുകൾ സ്ഥാപിക്കുന്നു.

ഇവയിൽ കൃത്യമായി പ്ലാസ്റ്റിക് വേസ്റ്റുകളും പേപ്പറുകളും വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള നിർദ്ദേശം കുട്ടികൾക്ക് നൽകുന്നു വേസ്റ്റ് ബിന്നുകളിൽ നിക്ഷേപിച്ച പ്ലാസ്റ്റിക്കുകളും കടലാസ്സുകളും ഹരിത കർമ്മ സേനക്ക് കൈമാറുന്നു

**പ്രകൃതി സന്ദർശനം**

കുട്ടികൾക്ക് പ്രകൃതിയിലെ ജൈവവൈവിധ്യങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കുന്നതിനും നിരീക്ഷണ പാഠം വളർത്തുന്നതിനും ആസ്വദിക്കുന്നതിനും ആവശ്യമായ

**പ്രവർത്തനങ്ങൾ,**

ഫീൽഡ് ട്രിപ്പുകൾ എന്നിവ ആസൂത്രണം ചെയ്യുന്നു. പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങൾ നിർദ്ദേശങ്ങൾ സന്ദർശിക്കുന്നതിനുള്ള യാത്രകൾ സംഘടിപ്പിക്കുന്നു.

* * * *



GHSS MULLASERY

## ഗാന്ധിദർശൻ ക്ലബ്ബ്

സ്കൂളിലെ മുഴുവൻ കുട്ടികളും ഗാന്ധിദർശൻ ക്ലബ്ബിലെ അംഗങ്ങളാണ് ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിൽ ഗാന്ധി മരം നട്ടു കൊണ്ട് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുന്നു ഗാന്ധിദർശൻ നടത്തുന്ന ഉപജില്ല മേഖല ക്യാമ്പുകളിലേക്ക് കുട്ടികളെ പങ്കെടുപ്പിക്കുകയും വിവിധ പ്രവർത്തനങ്ങൾക്ക് സജ്ജരാക്കുകയും ചെയ്യുന്നു എൻറെ വിദ്യാലയം ശുചിത്വ വിദ്യാലയം എന്നത് പ്രാവർത്തികമാക്കി കൊണ്ടുള്ള പ്രവർത്തനങ്ങളിൽ സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു വ്യക്തി ശുചിത്വം പാലിക്കേണ്ടതിനും സ്വന്തം വീടും പരിസരവും വൃത്തിയാക്കേണ്ടതിന്റെ ആവശ്യകതയും കുട്ടികളെ ബോധ്യപ്പെടുത്തുകയും ഞാനും എൻറെ വീടും എന്ന പ്രവർത്തനത്തിലൂടെ കൂടുതൽ ശുചീകരണ പ്രവർത്തനങ്ങൾ വീടുകളിൽ നിന്നു തന്നെ ഉറപ്പാക്കുകയും പകർച്ചവ്യാധികളും മറ്റ് ആരോഗ്യപ്രശ്നങ്ങളും നേരിടുന്ന തിൽ നിന്ന് കുട്ടികളെ ബോധവാന്മാരാക്കുന്നതിന് സഹായിക്കുന്നു

### വിദ്യാർത്ഥികളുടെ ഉപജില്ല മേഖല ക്യാമ്പുകൾ

പഠന ക്ലാസുകളോടൊപ്പം തൊഴിൽ പരിശീലനം കാവ്യാലാപനം കഥപറയൽ ചിത്രരചന മത്സരങ്ങൾ തുടങ്ങിയ വിവിധ പരിപാടികൾ ഉൾപ്പെടുത്തിയ ക്യാമ്പുകൾ ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിലായി നടത്തുന്നു

**ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി**

**അക്കാദമിക മാസ്റ്റർപ്ലാൻ**

**ദിനാചരണങ്ങൾ**

ഗാന്ധിദർശൻ സമിതിയുടെ ആഭിമുഖ്യത്തിൽ മറ്റു ക്ലബ്ബുകളുടെ സഹകരണത്തോടെ ജൂൺ 5-പരിസ്ഥിതി ദിനാചരണം ആഗസ്റ്റ് 6 ഹിരോഷിമാ ദിനം ആഗസ്റ്റ് 9 ക്വിറ്റ് ഇന്ത്യാ ദിനം ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം സെപ്റ്റംബർ 5 അധ്യാപക ദിനം ഒക്ടോബർ 2 ഗാന്ധിജയന്തി അഥവാ അന്താരാഷ്ട്ര അഹിംസാദിനം ഒക്ടോബർ 24 ഐക്യരാഷ്ട്ര ദിനം ജനുവരി 26 റിപ്പബ്ലിക് ദിനം ജനുവരി 30 മഹാത്മാഗാന്ധി രക്തസാക്ഷിത്വ ദിനം ഫെബ്രുവരി 12 സർവോദയ ദിനം എന്നിങ്ങനെ ദിനാചാരങ്ങൾ സംഘടിപ്പിക്കുന്നു.

ദിനാചരണങ്ങളുടെയും മറ്റു പരിപാടികളുടെയും ഫോട്ടോ പ്രദർശനം നടത്തുന്നു.

ഗാന്ധിജയന്തിയോടനുബന്ധിച്ച് വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്യുന്നത് രണ്ടാഴ്ച നീളുന്ന ശുചീകരണ പ്രവർത്തനങ്ങൾ വായന കുറിപ്പെഴുതൽ ഉപന്യാസം മത്സരങ്ങൾ ചിത്രരചന മത്സരങ്ങൾ പ്രശ്നോത്തരി ഗാന്ധി ദർശൻ സമിതി നടത്തുന്ന സ്കൂൾതല ഉപജില്ലാതല ജില്ലാതല മൂല്യനിർണയ പരീക്ഷകൾ ഉപന്യാസ മത്സരങ്ങൾ ആസ്വാദനക്കുറിപ്പ് മത്സരങ്ങൾ എന്നിവയ്ക്ക് കുട്ടികളെ സജ്ജരാക്കുകയും പങ്കെടുപ്പിക്കുകയും ചെയ്യുന്നു മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന കുട്ടികൾക്കും ക്ലാസുകൾക്കും പ്രോത്സാഹനവും അനുമോദനവും നൽകുന്നു

□□□□□

GHSS MULLASSERY

# പ്രവർത്തന മാർഗ്ഗരേഖ

**യു. പി. മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ വിനിമയം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാവിനെ പ്രാപ്തനാക്കുക. | എന്റെ അവധിക്കാലം<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കാനുള്ള അവതരിപ്പിക്കുന്നു.<br>ഭാഷാ കേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികളിലൂടെ അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| പഠന പിന്നോക്ക അവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിഹാരബോധനം നടത്തുക. | പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>പ്രീടെസ്റ്റ് നടത്തി എഴുതാനും വായിക്കാനും പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>അക്ഷരക്കാർഡുകൾ നിർമ്മിച്ച് അവ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുകയും വായനക്കാർഡുകൾ നൽകി വായിപ്പിക്കുകയും ചെയ്യുന്നു.<br>ICT സാധ്യതകൾ ഉപയോഗിച്ച് അക്ഷരങ്ങളും ചിഹ്നങ്ങളും | ജൂലൈ മുതൽ അധ്യയന വർഷാവസാനം വരെ | മലയാളം അധ്യാപകർ |

GHSS MULLASSERY

| | | | |
|---|---|---|---|
| | വാക്യങ്ങളും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. കുട്ടികളെ അനായാസം എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നു. | | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | <u>വാർത്താവലോകനം</u><br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശേഷി വളർത്തുകയും ചെയ്യുന്നു.<br>ICT സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകളെ, കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നു.<br>വാർത്തകളെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | ഓരോ ദിവസവും | മലയാളം അധ്യാപകർ |
| കുട്ടികളുടെ സർഗ്ഗാത്മകത കണ്ടെത്തി വികസിപ്പിക്കൽ | <u>രംഗാവിഷ്കാരം</u><br>പാഠഭാഗവുമായി ബന്ധപ്പെട്ട നാടകങ്ങൾ, നൃത്താവിഷ്കാരം തുടങ്ങി വിവിധ ദൃശ്യാനുഭവങ്ങളിലൂടെ പാഠഭാഗം അനുഭവവേദ്യമാക്കി മാറ്റുന്നു. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് | മലയാളം അധ്യാപകർ |
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടു | <u>സംവാദം, അഭിമുഖം</u><br>സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തുകയും | വർഷത്തിലൊരിക്കൽ | മലയാളം അധ്യാപകർ |

GHSS MULLASERY

| | | | |
|---|---|---|---|
| മുള്ള അനുകൂല മനോഭാവം വളർത്തുക. അതുവഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക. | സംവാദങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | | |
| വിവധ ദിനാചരണങ്ങളിലൂടെ കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുക. | <u>ദിനാചരണങ്ങൾ</u><br>വായനാവാരം, ബഷീർദിനം, കേരളപ്പിറവി എന്നിങ്ങനെ ദിനാചരണങ്ങളിലൂന്നിയ ഭാഷയുമായിബന്ധപ്പെട്ട സർഗ്ഗവാസനകൾ വികസിപ്പിക്കുന്നു.<br>പോസ്റ്റർ രചന, വായനക്കുറിപ്പ്, കഥ, കവിത, ലേഖനം തുടങ്ങിയ മത്സരങ്ങൾ നടത്തുകയും മികച്ചതിന് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. | വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട്. | മലയാളം അധ്യാപകർ |
| ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് ആസ്വദനക്കുറിപ്പ്, വായനക്കുറിപ്പ്, | <u>ലൈബ്രറി പ്രവർത്തനങ്ങൾ</u><br>കുട്ടികളുടെ വീടുകളിൽ നിന്ന് പുസ്തകങ്ങൾ ശേഖരിച്ച് ക്ലാസ്സ് ലൈബ്രറി ഒരുക്കുന്നു. സ്കൂൾ ലൈബ്രറിയിൽ നിന്ന് ആഴ്ചയിൽ രണ്ടു തവണ പുസ്തകങ്ങൾ വിതരണം | വർഷം മുഴുവനും | മലയാളം അധ്യാപകർ |

GHSS MULLASSERY

| | | | |
|---|---|---|---|
| പുസ്തകപരിചയം എന്നിവ തയാറാക്കുക. | ചെയ്യുന്നു.<br>വായിച്ച പുസ്തകങ്ങളെക്കുറിച്ച് ആസ്വദനക്കുറിപ്പ്, വായനക്കുറിപ്പ്, പുസ്തകപരിചയം എന്നിവ തയാറാക്കുന്നു. | | |
| കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ ഉൾപ്പെടുത്തി പതിപ്പ്, ഡിജിറ്റൽ മാഗസിൻ എന്നിവ തയാറാക്കുക. | <u>പതിപ്പ്, ഡിജിറ്റൽ മാഗസിൻ</u><br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ രചനകളിൽ മികച്ചവ, കുട്ടികൾ തയാറാക്കിയ കുറിപ്പുകൾ, ചിത്രങ്ങൾ, കഥ, കവിത, ലേഖനങ്ങൾ തുടങ്ങി കലാസൃഷ്ടികൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ്, ഡിജിറ്റൽ മാഗസിൻ എന്നിവ തയാറാക്കുന്നു. | വർഷം മുഴുവനും | മലയാളം അധ്യാപകർ |

GHSS MULLASSERY

**യു. പി. ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളും നേടിയെന്ന് ഉറപ്പു വരുത്തുക. | <u>ഗണിത ശില്പശാലകൾ</u><br>രസകരമായി ഗണിത കളികളിലൂടെ അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കുന്നു. (നമ്പർ കാർഡുകൾ, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡുകൾ,...... തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ) | ജൂൺമാസ ം | ഗണിത അധ്യാപകർ |
| രസകരമായ ഗണിതപഠനം, കരചലനശേഷികളുടെ വികാസം എന്നിവ ഉറപ്പു വരുത്തുക. | <u>ഒറിഗാമി ശില്പശാല</u><br>ഒറിഗാമികളിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. നിർമ്മിച്ച രൂപങ്ങളുടെ ഗണിതസവിശേഷതകൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു, ഇവയുടെ പ്രദർശനം സംഘടിപ്പിക്കുന്നു. | വർഷത്തി ൽ ഒരിക്കൽ | ഗണിത അധ്യാപകർ |
| ഗണിതപഠനപ്രവർത്തന ങ്ങൾ സുഗമമാക്കുക. | <u>ഗണിതലാബ്</u><br>ഗണിതപഠനത്തിന് സഹായകമാകുന്നതരത്തിൽ ഒരു ഗണിതലാബ് സജ്ജമാക്കുന്നു. ഗണിത പഠനോപകരണങ്ങൾ കുട്ടികൾക്ക് കൈകാര്യം ചെയ്യാനും | ആവശ്യാനു സരണം | ഗണിത അധ്യാപകർ , ഗണിത ക്ലബ്ബ് |

GHSS MULLASSERY

| | | | |
|---|---|---|---|
| | അവ നിർമ്മിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുന്നു. | | |
| ഗണിത പഠനം മധുരതരമാക്കുക. | <u>ഗണിതപാർക്ക്</u><br>വിവിധ ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജീകരിക്കൽ. | ഒരു പ്രാവശ്യം. കൃത്യമായ പരിപാലന ം | ഗണിതക്ലബ്ബ്, വിദഗ്ദ്ധരായ പണിക്കാർ |
| ഗണിതത്തിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കുക. | <u>ഗണിത ഗ്രാമം</u><br>മറ്റ് വിദ്യാലയങ്ങളിലും, മറ്റ് മേഖലകളിലും പ്രവർത്തിക്കുന്ന ഗണിതത്തിൽ പ്രാവീണ്യവും താത്പര്യവുമുള്ളവരുടെ സഹായത്തോടെ പ്രത്യേകം ശില്പശാലകൾ നടത്തി ഗണിതത്തിൽ കുട്ടികൾക്കുള്ള താത്പര്യം വർദ്ധിപ്പിക്കുന്നു. | ഒരോ ടേമിലും | ഗണിതക്ലബ്ബ് PTA |
| ആധുനിക ശാസ്ത്ര, സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി ഉപയോഗിക്കുക. | <u>ICT അധിഷ്ഠിത പഠനം</u><br>ICT സാധ്യതകൾ, പ്രത്യേക ഗണിതപഠന സോഫ്റ്റ വെയറുകൾ എന്നിവയുടെ സഹായത്തോടെ ജ്യാമിതീയരൂപങ്ങൾ, ചതുഷ്ക്രിയകൾ, ഭിന്നസംഖ്യകൾ തുടങ്ങിയ ഗണിതമേഖലകൾ വിശദീകരിക്കുന്നു. ടാൻഗ്രം, സുഡോക്കു പോലുള്ള കളികളും പ്രയോജനപ്പെടുത്തുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | വിദഗ്ദ്ധരായ ഗണിത അധ്യാപകർ |

GHSS MULLASSERY

| | | | |
|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുക. | <u>ഗണിത ക്ലിനിക്ക്</u><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും സഹപാടികളും ചേർന്ന് ആവശ്യമായ പിന്തുണ നൽകി അവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | ആഴ്ചയിൽ ഒരു തവണ | ഗണിത അധ്യാപകർ, സമർത്ഥരായ കുട്ടികൾ. |
| വിവിധ ശേഷികളുടെ വികസനം ഉറപ്പു വരുത്തുക. | <u>ദിനാചരണങ്ങൾ</u><br>ജൂൺ മുതൽ മാർച്ച് വരെ വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളിൽ ഗണിത സാധ്യതകൾ കണ്ടെത്തി അവ സംഘടിപ്പിക്കുന്നു. | വർഷം മുഴുവനും | ഗണിത ക്ലബ്ബ് |

GHSS MULLASSERY

**യു. പി. അടിസ്ഥാന ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക. | <u>പ്രകൃതിയെ അറിയാൻ</u><br>ജൈവവൈവിധ്യ പാർക്ക്, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, എന്നിവ കണ്ടറിയാൻ ഒരു യാത്ര, കാവുവുകൾ സന്ദർശിക്കൽ, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.<br><u>പരീക്ഷണ കളരി.</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ നടത്തുന്നു.<br>പരീക്ഷണക്കിറ്റുകൾ നിർമ്മിക്കുന്നു.<br>പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂലൈ മുതൽ തുങ്ങി അക്കാദമിക വർഷം മുഴുവൻ. | ശാസ്ത്ര അധ്യാപകർ, ശാസ്ത്ര ക്ലബ്ബ്. |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. ആധുനിക | <u>മാസ്റ്റർ മൈൻഡ്.</u><br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ അഭിമുഖത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി | അക്കാദമിക വർഷം മുഴുവൻ. | ശാസ്ത്ര അധ്യാപകർ, ശാസ്ത്ര |

GHSS MULLASSERY

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു.<br><u>ശാസ്ത്ര വിസ്മയ ചുമർ</u><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br><u>ശാസ്ത്ര ലൈബ്രറി</u><br>ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി എല്ലാ ക്ലാസ്സിലും ഒരുക്കുന്നു. | | ക്ലബ്ബ്. |
| ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | <u>എക്സ്പോ എക്സ്പ്ലോർ</u><br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ. | ശാസ്ത്ര അധ്യാപകർ, ശാസ്ത്ര ക്ലബ്ബ്. |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി | <u>വിസ്മയ യാത്ര</u><br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, | അക്കാദമിക വർഷം മുഴുവൻ. | ശാസ്ത്ര അധ്യാപകർ, ശാസ്ത്ര ക്ലബ്ബ്. |

GHSS MULLASSERY

| | | | |
|---|---|---|---|
| ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം സംഘടിപ്പിക്കുന്നു. | | |

**ഹൈസ്കൂൾ മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങ,ൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും അനായാസമായി മാതൃഭാഷ എഴുതാനും വായിക്കാനുള്ള ശേഷി വികസിപ്പിക്കുക. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസുകൾ, പദനിർമ്മാണം, വാക്യനിർമ്മാണം, ചിഹ്നം ഉറപ്പിക്കൽ, അക്ഷരം ഉറപ്പിക്കൽ, എന്നിവയിൽ ആവർത്തിച്ചുള്ള പരിശീലനം നൽകുന്നു | അക്കാദമിക വർഷം മുഴുവൻ. | മലയാളം അധ്യാപകർ , വിദ്യാരംഗം ക്ലബ്ബ്. |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ, ക്ലാസ് ലൈബ്രറി ഒരുക്കൽ, ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കൽ, സ്കൂൾ ലൈബ്രറി നവീകരണം, ജന്മദിന പുസ്തകം, പത്രവായന തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. | അക്കാദമിക വർഷം മുഴുവൻ. | മലയാളം അധ്യാപകർ , വിദ്യാരംഗം ക്ലബ്ബ്. |
| കുട്ടികളിലെ സർഗ്ഗപരമായ കഴിവുകൾ വളർത്തുക. | വായനാനുഭവം പങ്കുവെക്കൽ, ശാസ്ത്ര ക്വിസ്, രചനാ ശില്പശാലകൾ, കവിതാലാപന മത്സരം, പുസ്തക ചർച്ച, | അക്കാദമിക വർഷം മുഴുവൻ. | മലയാളം അധ്യാപകർ , |

GHSS MULLASSERY

| | | | |
|---|---|---|---|
| | ആസ്വാദനങ്ങൾ തയാറാക്കൽ, ഈ-വായന, അമ്മക്കൊരു പുസ്തകം (കുട്ടികൾ മുഖേന അമ്മയിലേക്ക്), ദിനാചരണങ്ങൾ തുടങ്ങി വ്യത്യസ്തങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. | | വിദ്യാരംഗം ക്ലബ്ബ്. |
| പത്ര വായന പരിപോഷിപ്പിക്കുക. | <u>പത്രങ്ങൾ ലഭ്യമാക്കൽ</u><br>ഓരോ ക്ലാസിലും ഓരോ പത്രം, അസംബ്ലിയിൽ പത്രങ്ങൾ വായിക്കൽ, വാർത്താ ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ. | മലയാളം അധ്യാപകർ, വിദ്യാരംഗം ക്ലബ്ബ്. |

GHSS MULLASSERY

**ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി**

**അക്കാദമിക മാസ്റ്റർപ്ലാൻ – പ്രവർത്തന മാർഗ്ഗരേഖ**

**യു. പി. & ഹൈസ്കൂൾ സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വാചനം (വായന) സംസ്കൃതം ഭാഷ അക്ഷരത്തെറ്റില്ലാതെ ഉച്ചാരണശുദ്ധിയോടെ വായിക്കുക. | യു. പി., ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് അധികസമയം കണ്ടെത്തി വായനക്കളരികൾ സംഘടിപ്പിക്കുന്നു. ശ്ലോകങ്ങളും, കഥകളും ഈണത്തിലും താളത്തിലും വായിപ്പിക്കുന്നു.<br>ICT സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സംസ്കൃത കഥകൾ, ശ്ലോകങ്ങൾ, സംസ്കൃതം നാടകങ്ങൾ, ചമ്പു പ്രഭാഷണങ്ങൾ, സംസ്കൃതം പ്രഭാഷണങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ. | സംസ്കൃതം അധ്യാപകർ, സംസ്കൃതം ക്ലബ്ബ്. |
| ലേഖനം (എഴുത്ത്) സംസ്കൃതം അക്ഷരത്തെറ്റില്ലാതെ എഴുതാനുള്ള ശേഷി വളർത്തുക. | അക്ഷരമാലയിൽ തുടങ്ങിവദങ്ങളും വാചകങ്ങളും തെറ്റില്ലാതെ എഴുതാൻസാധിക്കുന്ന രീതിയിലുള്ള പരിശീലനങ്ങൾ നടത്തുന്നു.<br>ICT സാധ്യതകൾ പ്രയോജനപ്പെടുത്തി അക്ഷരമാല പഠനം, ഉച്ചരണശുദ്ധി തുടങ്ങിയവയുമായി ബന്ധപ്പെട്ട വീഡിയോകൾ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ. | സംസ്കൃതം അധ്യാപകർ, സംസ്കൃതം ക്ലബ്ബ്. |
| സരള സംസ്കൃതം | സംസ്കൃത ദിനാചരണം, സംസ്കൃത അസംബ്ലി, വായനാ | അക്കാദമി | സംസ്കൃതം |

GHSS MULLASSERY

| | | | |
|---|---|---|---|
| ശരാശരി പഠനനിലാവാരം പുലർത്തുന്നകുട്ടികളെ ഉയർന്ന നിലവാരത്തിലെത്തിക്കുക. | മത്സരങ്ങൾ, രചനാ മത്സരങ്ങൾ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.<br>അധികസമയ പഠനം, യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തി, വിലയിരുത്തലും പരിഹാരബോധനവും സംഘടിപ്പിക്കുന്നു. | ക വർഷം മുഴുവൻ. | അധ്യാപകർ, സംസ്കൃതം ക്ലബ്ബ്. |

GHSS MULLASSERY

## ഹൈസ്കൂൾ ഇംഗ്ലീഷ്

| Aim | Activities | Duration | In Charge |
|---|---|---|---|
| To Develop awareness about preserving Nature. | Conducting essay writing, Recitation and verification of topics related to it. (connected to first unit) | June 5, World Environment Day | English Teacher, English Club |
| To develop reading habits. To understand the importance of reading. | Conducting reading-fest of different books and make a review of it. | June 19, National Reading Day and a Week | English Teacher, English Club |
| To make out the simple fiction and style of Vaikom Muhammed Basheer. | Read any one book of Basheer and preparing a write up on its theme. | July 5, Basheer Day and a Week | English Teacher, English Club |
| To understand the problems related to population rise | Conducting essay wring competition on population increase and its threats to the nation. | July 11, World Population Day | English Teacher, English Club |
| To realise war is not a solution to any issue | Organizing a poster making competition on the evil side of war. Conducting speech about the terror of atomic weapons. | August 6, Hiroshima | English Teacher, |

GHSS MULLASSERY

| | | | |
|---|---|---|---|
| | | Day. | English Club |
| To realise war is not a solution to any issue.<br>To understand the importance of Quit India movement. | Organizing a slogan making competition on the evil side of war.<br>Conducting speech, quiz competition etc. related to Quit India movement | August 9, Nagasaki Day. | English Teacher, English Club |
| To realise the importance of freedom. | Conducting essay writing, versification, speech and news reading related to Indian freedom Struggle. | August 15. Independence day | English Teacher, English Club |
| To realise the importance of teacher and teaching. | Conducting school assembly by teachers. Conducting classes by students. | September 5, Teachers day. | English Teacher, English Club |
| | Conducting speech, versification on peace. | September 21, World Peace day | English Teacher, English Club |
| | Conducting Poster making on Gandhiji's life | October 2, Gandhi Jayanthi | English Teacher, English Club |
| | Making a collection of APJ Abdul Kalam's Quotations. | October 15, | English |

GHSS MULLASSERY

| | | | |
|---|---|---|---|
| | | APJ Abdul Kalam Day | Teacher, English Club |
| | Conducting speech competition on United Nations. Presenting speeches of Leanardo Dicaprio | October 24, United Nations Day | English Teacher, English Club |
| | Showing short films related to child labour, Special English Assembly, Conducting Poster making against child labour. | November 14, Children's Day | English Teacher, English Club |
| To understand the meaning of republic. | Preparing wall magazines related to the republic day. Presenting speech & song about republic of India. | Jan 26, Republic Day | English Teacher, English Club |
| | Conducting news paper reading competition, news making competition, captions writing to pictures etc. | Jan 29, Indian News paper Say | English Teacher, English Club |

GHSS MULLASSERY

**യു. പി, – ഹൈസ്കൂൾ ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| യു. പി. തലത്തിൽ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കുന്നതിനായി അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്, ക്ലാസിൽ അക്ഷരമാലകൾ പ്രദർശിപ്പിക്കുക, ഓൺലൈൻ അക്ഷരമാല കളികൾ, വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ്ബ്. |
| വീട് ഒരു പരീക്ഷണശാല - കാണുന്നതിൽ കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ എഴുതുക. | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുന്നു.<br>ICT സഹായത്തിലൂടെ വസ്തുതകളും വാക്കുകളും പരിശീലിക്കാനുള്ള അവസരം നൽകുന്നു.<br>CWSN കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | സംപ്തംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ്ബ്. |
| സുരീലി ഹിന്ദി - ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും | ഹിന്ദി അസംബ്ലികൾ സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 14 ഹിന്ദി ദിനം, ജനുവരി 10 – ലോക ഹിന്ദി ദിനം എന്നിവ ആഘോഷിക്കുന്നു.<br>ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു. | നവംബർ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ്ബ്. |

GHS MULLASSERY

| | | | |
|---|---|---|---|
| വികസിപ്പിക്കാനും ഉള്ള അവസരങ്ങൾ നൽകുക. | അധിക വായന സാമഗ്രികൾ ഒരുക്കുന്നു.<br>ചിത്ര സഹായത്തോടെ കഥ തയ്യാറാക്കൽ, ചിത്രങ്ങൾക്ക് അടിക്കുറിപ്പ് കണ്ടെത്തൽ, ചിത്രം കണ്ട് കഥ പറയൽ, ചിത്രം കണ്ട് കഥ എഴുതൽ, കഥ ബാക്കി എഴുതൽ, വായനാ മൂല, ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. | | |
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക. | കഥാവായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്ബ്. |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ നോവലുകൾ വായിക്കുന്നതിനുള്ള അവസരം നൽകുന്നു.<br>ICT സങ്കേതം ഉപയോഗിച്ച് ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുന്നു. പ്രശസ്തമായ ഹിന്ദി സിനിമകൾ കാണുവാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്ബ്. |
| വിവർത്തകർ, വാർത്താവായനക്കാർ, ജേർണലിസ്റ്റുകൾ | ഹിന്ദി മാതൃഭാഷ ആയിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. പ്രശസ്ത | അക്കാദമിക വർഷം മുഴുവനും | ഹിന്ദി അധ്യാപകർ, ഹിന്ദി |

GHS MULLASSERY

| | | | |
|---|---|---|---|
| തുടങ്ങിയ ജോലി സാധ്യതകൾക്കായി മുൻകൂട്ടി കുട്ടികളെ പ്രാപ്തരാക്കുക. | ജോർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | | ക്ലബ്ബ്. |

**ഹൈസ്കൂൾ സോഷ്യൽ സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ഫീൽഡ് ട്രിപ്പുകൾ<br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | നിശ്ചയിച്ച തിയതികള ിൽ | |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം എന്നിവ മനസ്സിലാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | തിരഞ്ഞെടുത്ത തിയതികള ിൽ | |
| ഭൂപട വായനയ്ക്കുള്ള | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ മനസ്സിലാക്കാൻ | അക്കാദമി | |

GHSS MULLASERY

| | | | |
|---|---|---|---|
| കഴിവ് വളർത്തുക. സ്ഥല നിർണ്ണയം നടത്തുവാൻ പ്രാപ്തരാക്കുക. | സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നു.<br>മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു.<br>ICT സാധ്യതകൾ ഉപയോഗിച്ച് മാർബിൾ പോലുള്ള സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ ഡിജിറ്റൽ ഗ്ലോബുകൾ പരിചയപ്പെടുത്തുന്നു. | ക വർഷം മുഴുവനും | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാനുതകുന്ന പൊതു വിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്നു. പ്രസംഗങ്ങൾ, ദിനാചരണങ്ങൾ പ്രശ്നോത്തരി എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനും | |
| വ്യത്യസ്ത ഇനം മണ്ണുകൾ, ജലാശയങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ, പർവതങ്ങൾ, എന്നിവയെ പരിചയപ്പെടുത്തുക. | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നു.<br>ചരിത്ര ലാബുകളുടെ ക്രമീകരണം നടത്തുന്നു.<br>കണ്ടും, കേട്ടും, തൊട്ടറിഞ്ഞും പഠനം രസകരമാക്കി മാറ്റുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | |

GHSS MULLASSERY

**ഹൈസ്കൂൾ ഫിസിക്കൽ സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര ലാബ് നവീകരണം നടത്തുക | 8, 9, 10 ക്ലാസ്സുകളിലെ ഊർജ്ജതന്ത്രം പാഠഭാഗത്തെ പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>പരീക്ഷണ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>നിലവിലെ ലാബ് സാമഗ്രികളിൽ നിന്ന് പുനഃക്രമീകരണം നടത്തുന്നു.<br>ശാസ്ത്ര ഉപകരണങ്ങൾ, ശാസ്ത്ര വസ്തുക്കൾ ശേഖരണം പരീക്ഷണങ്ങൾ എന്നിവ ക്ലാസ് അടിസ്ഥാനത്തിൽ ചെയ്യുന്നു. | ജൂൺ - ജൂലൈ | ശാസ്ത്ര അധ്യാപകർ , ശാസ്ത്ര ക്ലബ്ബ്. |
| ശാസ്ത്ര സാഹിത്യ പരിചയപ്പെടുത്തുക. | നിലവിലുള്ള ശാസ്ത്ര പുസ്തകങ്ങളും ലൈബ്രറിയിൽ നിന്ന് ലിസ്റ്റ് ചെയ്ത ശാസ്ത്ര പുസ്തകങ്ങളും ലിസ്റ്റിന്റെ പകർപ്പ് ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | ജൂലൈ - സെപ്തം ബർ | ശാസ്ത്ര അധ്യാപകർ , ശാസ്ത്ര ക്ലബ്ബ്. |
| ശാസ്ത്രാവബോധം വളർത്തിയെടുക്കുക. | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണം സമുചിതമായി ആഘോഷിക്കുന്നു.<br>ശാസ്ത്രജ്ഞരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു. | ജൂലൈ - ഫെബ്രുവ രി | ശാസ്ത്ര അധ്യാപകർ , ശാസ്ത്ര ക്ലബ്ബ്. |

GHSS MULLASSERY

| | | | |
|---|---|---|---|
| | ശാസ്ത്ര വാർത്തകൾ അവതരിപ്പിക്കുന്നു. | | |
| <u>ദത്തവിശകലനം</u> വിഷയത്തെ ആസ്പദമാക്കി വിദ്യാർഥികൾ നിർമ്മിച്ച ഉൽപ്പന്നങ്ങളും, ചെയ്ത പരീക്ഷണങ്ങളും അടിസ്ഥാനമാക്കി ശാസ്ത്രബോധത്തിൽ വിദ്യാർത്ഥികളിൽ ഉയർന്ന നിലവാരം പുലർത്തുന്നവരാക്കുക. | കുട്ടിയെ ശാസ്ത്ര ബോധമുള്ളവരാക്കുന്നു.<br>കുട്ടികളിലെ ശാസ്ത്രബോധം അഭിരുചി എന്നിവ വളർത്തുന്നു | ജൂലൈ - ഫെബ്രുവരി | ശാസ്ത്ര അധ്യാപകർ , ശാസ്ത്ര ക്ലബ്ബ്. |
| നിരീക്ഷണപാടവം ശാസ്ത്ര കൗതുകം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ കുട്ടികളുടെ മുമ്പിൽ തന്നെ ചെയ്തു കാണിക്കുന്നു.<br>ശാസ്ത്ര അവബോധം വളർത്തുന്ന മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ അറിവ് നൽകി കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br>പാഠഭാഗങ്ങളിലെ വസ്തുക്കളുടെ പ്രദർശനം ലഘു പ്രോജക്ട് നൽകി മെച്ചപ്പെട്ടവ വേദിയിൽ | അക്കാദമിക വർഷം മുഴുവനും | ശാസ്ത്ര അധ്യാപകർ , ശാസ്ത്ര ക്ലബ്ബ്. |

GHSS MULLASSERY

| | | | |
|---|---|---|---|
| | അവതരിപ്പിക്കുന്നു. | | |
| നിരന്തരമായുള്ള അന്വേഷണം നടത്തുകയും, അവയെ വിശകലനം ചെയ്ത് അവതരിപ്പിക്കാനുള്ള ശേഷി നേടുകയും ചെയ്യുക. | സെമിനാറുകൾ ശിൽപ്പശാലകൾ എന്നിവ നടത്തി മികച്ചതിനെ അവതരിപ്പിക്കാനുള്ള വേദി സജ്ജീകരിക്കുന്നു. | അക്കാദമിക വർഷം മുഴുവനും | ശാസ്ത്ര അധ്യാപകർ , ശാസ്ത്ര ക്ലബ്ബ്. |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. സഹകരണ മനോഭാവം വളർത്തുക. അന്വേഷണ പ്രഭാവം വർദ്ധിപ്പിക്കുക. വിവരശേഖരണ തൽപരരാക്കുക. പാചകത്തിലെ രസതന്ത്രം | ക്ലാസുകളിൽ ശാസ്ത്ര മാസിക പ്രസിദ്ധീകരിക്കുന്നു ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി വായനക്കുറിപ്പുകൾ തയ്യാറാക്കുന്നു കുട്ടികൾ വിവരശേഖരണം നടത്തിയതിനെ വിലയിരുത്തുന്നു സാധാരണയായി അടുക്കളയിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ ശാസ്ത്രനാമം കണ്ടെത്തുന്നു | അക്കാദമിക വർഷം മുഴുവനും | ശാസ്ത്ര അധ്യാപകർ , ശാസ്ത്ര ക്ലബ്ബ്. |

GHSS MULLASSERY

| | | | |
|---|---|---|---|
| തിരിച്ചറിയുക. | | | |
| രസതന്ത്രത്തിലെയും ഊർജ്ജതന്ത്രയും പ്രധാന ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുക. ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തുക. | ഭിന്നശേഷി വിദ്യാർഥികൾക്കായുള്ള ശാസ്ത്ര പുസ്തകങ്ങൾ സംഘടിപ്പിച്ച നൽകുന്നു വായനയിൽ താല്പര്യമുള്ള ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് ലളിതമായ ശാസ്ത്രപുസ്തകങ്ങൾ നൽകുന്നു. എഴുതുവാൻ കഴിവും താല്പര്യവുമുള്ള ഭിന്നശേഷി വിദ്യാർഥികളെ കൊണ്ട് അധ്യാപകരുടെ സഹായത്തോടെ ചെറു ശാസ്ത്രക്കുറിപ്പുകൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം മുഴുവനും | ശാസ്ത്ര അധ്യാപകർ , ശാസ്ത്ര ക്ലബ്ബ്. |
| <u>നേരിട്ടുള്ള അറിവ് നേടൽ</u> പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. പഴകിയ വസ്തുക്കളിൽ നിന്നും ശാസ്ത്രസാമഗ്രികൾ ഉണ്ടാക്കിയെടുക്കുക. അതിലൂടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക. | സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കാൻ ശരിയായ പ്രവർത്തന അവബോധം ക്ലാസുകളും ക്രമീകരണങ്ങളും നടത്തുന്നു പുതിയ സാങ്കേതികവിദ്യയും പുതിയ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു. സംസ്ഥാന ദേശീയതലത്തിലുള്ള സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. ശാസ്ത്രജ്ഞരുമായി സംവദിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ശാസ്ത്ര അധ്യാപകർ , ശാസ്ത്ര ക്ലബ്ബ്. |

GHSMULLASERY

| | | | |
|---|---|---|---|
| ശാസ്ത്ര മാഗസിൻ നിർമ്മാണം, ഓപ്പൺ ലാബ്, ശാസ്ത്ര കലണ്ടർ നിർമ്മാണം, മൂലകങ്ങളുടെ വ്യത്യാസംസം അറിയൽ, പ്രശ്നപരിഹാരബോധന പ്രവർത്തനം തുടങ്ങി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തുക. | പ്രവർത്തനത്തിന്റെ ഭാഗമായി മുഴുവൻ പരീക്ഷണങ്ങളും ലിസ്റ്റ് ചെയ്യുന്നു. കുട്ടികൾക്ക് ചെയ്തു നോക്കാൻ അവസരം നൽകുന്നു. ക്ലാസ് അടിസ്ഥാനത്തിൽ ഒരു മാഗസിൻ എന്ന പ്രവർത്തനം നടത്തുന്നു. ഓരോ മാസവും വരുന്ന ശാസ്ത്ര ദിനങ്ങളുടെ കലണ്ടർ തയ്യാറാക്കുന്നു. ആവർത്തന പട്ടികയിലെ മൂലകങ്ങളെ രാസ ഭൗതിക ഗുണങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുന്നു. ഹാർഡ്സ്പോട്ടുകൾ കണ്ടെത്തി കൂടുതൽ വിശദമായ ക്ലാസുകൾ നടത്തുന്നു. പ്രശ്നപരിഹാരത്തിലൂടെ കുട്ടികളെ ശാസ്ത്രതത്പരരാക്കുന്നു. | അക്കാദമിക വർഷം മുഴുവനും | ശാസ്ത്ര അധ്യാപകർ, ശാസ്ത്ര ക്ലബ്ബ്. |

GHSS MULLASSERY

**ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി**

**അക്കാദമിക മാസ്റ്റർപ്ലാൻ – പ്രവർത്തന മാർഗ്ഗരേഖ**

**ഹൈസ്കൂൾ ബയോളജി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തുക. ശാസ്ത്രമേള ബന്ധിതമായ പ്രവർത്തനങ്ങൾ നടത്തുക. | ക്ലാസ് തലത്തിൽ നടത്തുന്നു. ചാർട്ട്, പ്രോജക്ട്, മോഡൽ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | ജീവശാസ്ത്രം അധ്യാപകർ, ശാസ്ത്രക്ലബ്ബ്. |
| ശാസ്ത്ര ലൈബ്രറി ഉപയോഗപ്പെടുത്തുക. | ലൈബ്രറി പുസ്തകങ്ങൾ വായിച്ച് ലഭിക്കുന്ന അറിവ് ആവശ്യാനുസരണം പ്രവൃത്തിതലത്തിൽ കൊണ്ടുവരുന്നു. | ജൂൺ ജൂലൈ മാസങ്ങളിൽ | ജീവശാസ്ത്രം അധ്യാപകർ, ശാസ്ത്രക്ലബ്ബ്. |
| മഴക്കാല രോഗങ്ങളെ കുറിച്ചുള്ള അവബോധം വളർത്തുക. | മഴക്കാല രോഗങ്ങൾ ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകത, എങ്ങനെ ആരോഗ്യം കാത്തുസൂക്ഷിക്കാം എന്നിവയുമായി ബന്ധപ്പെട്ട ഒരു ഡോക്ടറുടെയോ ആരോഗ്യ പ്രവർത്തകരുടെയോ ക്ലാസ്സ് സംഘടിപ്പിക്കുന്നു. | ജൂൺ ജൂലൈ മാസങ്ങളിൽ | ജീവശാസ്ത്രം അധ്യാപകർ, ശാസ്ത്രക്ലബ്ബ്. |



GHSS MULLASSERY

| | | | |
|---|---|---|---|
| കൗമാര കാലഘട്ടത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുക. | ഹെൽത്ത് ചെക്കപ്പ്, യോഗ, വ്യായാമത്തിന്റെ ആവശ്യകത, ആർത്തവകാല പ്രശ്നങ്ങൾ സംബന്ധിച്ച ബോധവത്കരണക്ലാസ്സുകൾ, സെക്ഷ്വൽ അവയർനസ് ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ നവംബർ വരെ | ജീവശാസ്ത്രം അധ്യാപകർ, ശാസ്ത്രക്ലബ്ബ്. |
| ഗ്രീൻ ക്യാമ്പസ് നിർമ്മിക്കുക. | കൗൺസിലിംഗ് ടീച്ചറും, ജീവശാസ്ത്ര അധ്യാപകരും യോജിച്ചുകൊണ്ടുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.<br>ജൈവ, അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കാൻ ആവശ്യമായ ബോക്സുകൾ സ്ഥാപിക്കുന്നു.<br>മാലിന്യങ്ങൾ ഹരിത കർമ്മ സേനയ്ക്ക് നൽകുന്നു.<br>ജൈവ കമ്പോസ്റ്റ് നിർമ്മിക്കുന്നു. | ജൂൺ മുതൽ സെപ്തംബർ വരെ | ജീവശാസ്ത്രം അധ്യാപകർ, സ്കൂൾ കൗൺസിലർ ശാസ്ത്രക്ലബ്ബ്. |
| ലഹരി വിമുക്ത വിദ്യാലയം സാധ്യമാക്കുക. | ജൂൺ 26, ലഹരി വിരുദ്ധ ദിനാചരണവുമായി ബന്ധപ്പെട്ട് ലഹരി വിരുദ്ധ റാലി, സ്കിറ്റ്, ബോധവൽക്കരണ ക്ലാസ്, ക്വിസ്, പോസ്റ്റർ രചന മത്സരം തുടങ്ങിയവ സംഘടിപ്പിക്കുന്നു. | ജൂൺ | ലഹരിവിരുദ്ധ ക്ലബ്ബ്. |

GHSS MULLASSERY

**ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി**

**അക്കാദമിക മാസ്റ്റർപ്ലാൻ – പ്രവർത്തന മാർഗ്ഗരേഖ**

**ഹൈസ്കൂൾ ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയധാരണ കൈവരിക്കുക. | ഒപ്പത്തിനൊപ്പം നടത്തി ലിസ്റ്റ് തയ്യാറാക്കി പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി അവരെ മുന്നോട്ടു എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂൺ ആദ്യവാരം | ഗണിത അധ്യാപകർ , തിരഞ്ഞെടുത്ത കുട്ടികൾ. |
| നിർമ്മിതികൾക്കുള്ള ശേഷി കൈവരിക്കുക. | ശില്പശാലകൾ നടത്തുന്നു.<br>ജ്യാമിതിപ്പെട്ടിയുടെ ലഭ്യത ഉറപ്പുവരുത്തുന്നു. | തുടർപ്രവർത്തനം. | ഗണിത അധ്യാപകർ |
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക. | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന്. | ഗണിത അധ്യാപകർ , ഗണിത ക്ലബ്ബ്. |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, | ശില്പശാലകൾ നടത്തുന്നു.<br>ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | തുടർപ്രവർത്തനം. | ഗണിത അധ്യാപകർ , |

GHSS MULLASSERY

| | | | |
|---|---|---|---|
| അളവുകൾ ഇവ പരിചയപ്പെടുക. | | | ഗണിത ക്ലബ്ബ്. |
| സംഘബോധം ഉണ്ടാക്കുക. | സംഘപഠനത്തിന് ഊന്നൽ നൽകുന്നു. | തുടർപ്രവർത്തനം. | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ്. |
| ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കുന്നതിനുള്ള അടിസ്ഥാനം കുട്ടികളിൽ ഉറപ്പിക്കുക. | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, ആസൂത്രണം എന്നീ കൂട്ടായ പ്രവർത്തനങ്ങളുടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർപ്രവർത്തനം. | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ്. |
| ഗണിത കുട്ടികളുടെ മികച്ച സംഭാവനകൾ ലഭ്യമാക്കുക. | ഗണിത മാഗസിൻ നിർമ്മിക്കുന്നു. | തുടർപ്രവർത്തനം. | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ്. |
| ഗണിത മത്സരവേദികൾ, | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു. തത്പരരായ കുട്ടികളെ മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നു. | മാസത്തിൽ ഒന്ന്. | ഗണിത അധ്യാപകർ |

GHSS MULLASSERY

| | | | |
|---|---|---|---|
| മേളകൾ എന്നിവയിൽ ഊർജ്ജസ്വലരായി പങ്കെടുപ്പിക്കുക. | | | , ഗണിത ക്ലബ്ബ്. |
| ഗണിത ലാബ് നിർമ്മിക്കുക. | ശില്പശാലകളിലൂടെ ഗണിത ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | തുടർപ്രവർത്തനം. | ഗണിത അധ്യാപകർ , ഗണിത ക്ലബ്ബ്. |
| രക്ഷിതാക്കളെ ബോധവൽക്കരിക്കുക. | ഗണിതം വായിച്ചു പഠിക്കാതെ എഴുതി പഠിക്കേണ്ടതിന്റെ പ്രാധാന്യം CPTA കളിൽ വിശദീകരിക്കുന്നു.<br>അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. | തുടർപ്രവർത്തനം. | ഗണിത അധ്യാപകർ , ഗണിത ക്ലബ്ബ്. |

**സംഗിതം – കലാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും അനായാസമായി സംഗീതം, നൃത്തം, ചിത്രരചന, നാടകം, | കുട്ടികളുടെ അഭിരുചി കണ്ടത്തുന്നതുനുള്ള പ്രവർത്തനങ്ങൾനൽകുന്നു.<br>കഴിവുള്ള കുട്ടികളെ കണ്ടെത്തി പിന്നോക്കം | അക്കാദമിക വർഷം മുഴുവൻ | കലാ അധ്യാപകർ . വിവിധ |

GHSS MULLASSERY

GHS MULLASSERY

| | | | |
|---|---|---|---|
| സിനിമ എന്നിവയിൽ അഭിരുചി വളർത്തുക. | നിൽക്കുന്നവരെ ഒരുമിപ്പിച്ച് ഗ്രൂപ്പ് ആക്കി അവരുടെ അഭിരുചിക്കനുസരിച്ച് ക്ലാസുകൾ നൽകുന്നു.<br>ചെറിയ ഗീതങ്ങൾ, പ്രാർത്ഥനകൾ, ചെറുകവിതകൾ എന്നിവ ചൊല്ലുന്നതിന് പിന്തുണ നൽകുന്നു. | | ക്ലബ്ബുകൾ |
| എല്ലാ കുട്ടികൾക്കും പ്രാർത്ഥന, ദേശീയ ഗാനം, ദേശഭക്തിഗാനങ്ങൾ, എന്നിവ പഠിപ്പിച്ച് നൽകുക. | കുട്ടികളെ ഗ്രൂപ്പുകളാക്കി പഠിപ്പിക്കുന്നു.<br>കുട്ടികൾക്ക് അറിയുന്ന പാട്ടുകൾ അവർ അവതരിപ്പിക്കുന്നു.<br>വിവിധതരം പാട്ടുകൾ ശേഖരിക്കുന്നു.<br>പാഠപുസ്തകത്തിലെ കവിതകൾ ഈണം നൽകി അവതരിപ്പിക്കുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | കലാ അധ്യാപകർ.<br>വിവിധ ക്ലബ്ബുകൾ |
| പ്രാർത്ഥന സഭ ഗ്രൂപ്പുകളാക്കി ഒരുക്കുക. | അവതരണ മികവ് അനുസരിച്ച് പ്രാർത്ഥനാ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നു.<br>പ്രാർത്ഥനക്ക് ഓരോ ക്ലാസിനും ചുമതല നൽകുന്നു.<br>വിവിധ ഭാഷകളിൽ പ്രാർത്ഥന ഗാനങ്ങൾ അവതരിപ്പിക്കുന്നു.<br>ആക്ടിവിറ്റി ബുക്കിന്റെ സഹായത്തോടെ കുട്ടികൾക്ക് | അക്കാദമിക വർഷം മുഴുവൻ | കലാ അധ്യാപകർ.<br>വിവിധ ക്ലബ്ബുകൾ |

| | | | |
|---|---|---|---|
| | ക്ലാസുകൾ നൽകുന്നു. | | |
| ചിത്രരചന, നാടകം, സിനിമ, നൃത്തം തുടങ്ങിയവക്കുള്ള ശേഷി എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | കുട്ടികളിലെ വ്യത്യസ്തമായ കഴിവുകൾക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നു.<br>നന്നായി ചിത്രം വരയ്ക്കുന്നവരുടെ നേതൃത്വത്തിൽ അഭിരുചിയുള്ള കുട്ടികളെ ചേർത്ത് ഗ്രൂപ്പുകളാക്കി ചിത്രരചന പരിശീലിപ്പിക്കുന്നു.<br>ചിത്രരചനാ മത്സരങ്ങൾ ഒരുക്കുന്നു.<br>ICT സാധ്യതകൾ ഉപയോഗിച്ച് നൃത്തം, നാടകം, സിനിമ എന്നിവ പ്രദർശിപ്പിക്കുന്നു.<br>ചെറിയ ഡോക്യുമെന്ററികൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. | അക്കാദമിക വർഷം മുഴുവൻ | കലാ അധ്യാപകർ.<br>വിവിധ ക്ലബ്ബുകൾ |

GHSS MULLASSERY

**ഗവ. ഹയർസെക്കന്ററി സ്കൂൾ – മുല്ലശ്ശേരി**

**അക്കാദമിക മാസ്റ്റർപ്ലാൻ – പ്രവർത്തന മാർഗ്ഗരേഖ**

**പരിസ്ഥിതി സംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കുക. ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക. | സ്കൂൾ മുറ്റത്ത് ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കുന്നു. പരിപാലിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂൺ, ജൂലൈ മാസങ്ങളിൽ | അധ്യാപകർ. പരിസ്ഥിതി, ഇക്കോ തുടങ്ങി വിവിധ ക്ലബ്ബുകൾ |
| വിത്ത് പന്ത് നിർമ്മാണം, വിത്ത് പന്തേറ് എന്നിവ സംഘടിപ്പിക്കുക. ആഗോളതാപത്തെ ചെറുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക | മണ്ണ് കുഴിച്ചെടുത്ത് ജൈവവളത്തിനൊപ്പം പലതരം വിത്തുകൾ വെച്ച് ഉരുട്ടി വിത്തു ബോളുകൾ ഉണ്ടാക്കുന്നു. അവ ഒഴിഞ്ഞ പറമ്പുകളിലേക്ക് എറിയുന്നു. | ജൂൺ, ജൂലൈ മാസങ്ങളിൽ | അധ്യാപകർ. പരിസ്ഥിതി, ഇക്കോ തുടങ്ങി വിവിധ ക്ലബ്ബുകൾകൾ |
| പരിസ്ഥിതിയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന | പരിസ്ഥിതി ദിന ക്വിസ്, പോസ്റ്റർ നിർമ്മാണം, പ്ലക്കാർഡ് നിർമ്മാണം, പരിസ്ഥിതി ബോധവൽക്കരണ ക്ലാസുകൾ | ജൂൺ 5 | അധ്യാപകർ. പരിസ്ഥിതി, |

GHSS MULLASSERY

GHSS MULLASSERY

| | | | |
|---|---|---|---|
| ായി പരിസ്ഥിതി ദിനാചരണം സംഘടിപ്പിക്കുക. | എന്നിവ സംഘടിപ്പിക്കുന്നു. | | ഇക്കോ തുടങ്ങി വിവിധ ക്ലബ്ബുകൾ |
| അടുക്കളത്തോട്ടങ്ങളുടെ പ്രാധാന്യം, വിഷരഹിതമായ പച്ചക്കറികൾ ലഭ്യമാക്കുക, എന്നിവ ലക്ഷ്യം വെച്ച് അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനം നടത്തുക. | അടുക്കളത്തോട്ടത്തിൽ വിവിധയിനം പച്ചക്കറികൾ വെച്ചുപിടിപ്പിക്കുന്നു.<br>അവയുടെ പരിപാലനം, പോഷണം എന്നിവ ഉറപ്പാക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | അധ്യാപകർ. പരിസ്ഥിതി, ഇക്കോ തുടങ്ങി വിവിധ ക്ലബ്ബുകൾ |
| പ്ലാസ്റ്റിക് സ്കൂളിൽ നിന്നും തുടച്ചു മാറ്റുക എന്ന ലക്ഷ്യത്തോടെ പെൻബോക്സുകൾ സ്ഥാപിക്കുക. | ഉപയോഗിച്ചു തീർന്ന് പേനകൾ നിക്ഷേപിക്കുന്നതിന് പെൻബോക്സുകൾ സ്കൂളിൽ സ്ഥാപിക്കുന്നു.<br>ശേഖരിക്കുന്ന പേനകൾ ഹരിതകർമ്മസേനക്ക് നൽകുന്നതിനുള്ള സംവിധാനം ഒരുക്കുന്നു. | ജൂൺ മുതൽ അക്കാദമിക വർഷം മുഴുവൻ | അധ്യാപകർ. പരിസ്ഥിതി, ഇക്കോ തുടങ്ങി വിവിധ ക്ലബ്ബുകൾ |

| | | | |
|---|---|---|---|
| സ്കൂൾ അങ്കണം മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക. | ക്ലാസ് മുറികളിലും, സ്കൂൾ കാമ്പസിലും പ്ലാസ്റ്റിക് കടലാസ്സുകൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള ബിന്നുകൾ സ്ഥാപിക്കുന്നു.<br>ഇങ്ങനെ ശേഖരിക്കുന്നവ ഹരിതകർമ്മസേനക്ക് നൽകുന്നതിനുള്ള സംവിധാനം ഒരുക്കുന്നു.<br>ഇത്തരം ബിന്നുകൾ ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യം അസംബ്ലികളിൽ വിശദീകരിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | അധ്യാപകർ. പരിസ്ഥിതി, ഇക്കോ തുടങ്ങി വിവിധ ക്ലബ്ബുകൾ |

□□□□□

GHSS MULLASSERY